# ക്രിസ്ത്യൻ വേൾഡ്

ക്രൈസ്തവ മാധ്യമം

2018 നവംബർ 1 | വാല്യം 13 | ലക്കം 11 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8


# ഐപിസിക്ക് കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചു

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയ്ക്ക് കേന്ദ്ര സർക്കാർ ഒരു കോടി 27 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചു. സഭാആസ്ഥാനമായ കുമ്പനാട് ഹെബ്രോൻപുരത്തെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമാണത്തിനുവേണ്ടിയാണ് ഫണ്ട്. ഇതു സംബന്ധിച്ച അറിയിപ്പുകൾ ജനറൽ കൗൺസിലിനു ലഭിച്ചു. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ തീർഥാടനകേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള സഹായമാണ് കുമ്പനാടിനു ലഭിച്ചത്. കഴിഞ്ഞ കുമ്പനാട് കൺവൻഷനിൽ കേന്ദ്രടൂറിസം സഹമന്ത്രി അൽഫോൻസ് കണ്ണന്താനം പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ സന്ദർശനസമയത്ത് ജനറൽ ട്രഷറർ സജി പോൾ നൽകിയ അപേക്ഷ പരിഗണിച്ചാണ് സഹായം അനുവദിച്ചിരിക്കുന്നത്.



അൽഫോൻസ് കണ്ണന്താനം

ഇന്ത്യയിലെതന്നെ ഏറ്റവും പഴക്കമുള്ളതും ഏറ്റവും വലുതുമായ പെന്തെക്കോസ്തു കൺവൻഷനാണ് കുമ്പനാട് നടക്കുന്ന ഐപിസി ജനറൽ കൺവൻഷൻ. ഒരു പ്രസ്ഥാനത്തിന്റെ കൺവൻഷൻ എന്നതിനപ്പുറം മാരാമൺ കൺവൻഷൻ കഴിഞ്ഞാൽ ജില്ലയിലെ ഏറ്റവും വലിയ ക്രൈസ്തവ സംഘമാണ് കുമ്പനാട്ടേത്. ഹെബ്രോൻപുരത്ത് പുതുതായി വാങ്ങിയിരിക്കുന്ന രണ്ടേക്കർ സ്ഥലത്ത് ആധുനികരീതിയിലുള്ള പാചകശാലയും അന്നദാനകേന്ദ്രവും നിർമ്മിക്കാനാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത്. നവംബർ പത്തോടെ ഇതിനുള്ള ഫൈനൽ പ്ലാനുകൾ സമർപ്പിക്കും. കേന്ദ്ര ടൂറിസം മിനിസ്ട്രിയുടെ കീഴിലുള്ള ഏജൻസിയായിരിക്കും നിർമാണ ജോലികൾ പൂർത്തീകരിക്കുന്നത്.



സജി പോൾ

ചരിത്രത്തിൽ ആദ്യമായാണ് ഒരു ഗവണ്മെന്റ് സഹായം കുമ്പനാടിനു ലഭിക്കുന്നത്. ഈ കാര്യത്തിൽ സഹായിച്ചത് കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനമാണെന്നും ട്രഷറർ സജി പോൾ വ്യക്തമാക്കി.

# ആഗ്രയിൽ ആക്രമണം; സുവിശേഷകർക്ക് മർദ്ദനം

ആഗ്ര: ആഗ്രയിൽ യുപി ചർച്ച് ഫാമിലി മിനിസ്ട്രി യോഗത്തിൽ അതിക്രമിച്ചുകയറിയ ബജരംഗദൾ പ്രവർത്തകർ മീറ്റിങ്ങിൽ പങ്കെടുത്തവരെ ക്രൂരമായി മർദിക്കുകയും അസഭ്യം പറയുകയും ചെയ്തു. ഒക്ടോബർ 30 നു ആഗ്ര താജ് ഗഞ്ച് പൊലീസ് സ്റ്റേഷൻ പരിധിയിൽ ഉള്ള സമോവർ ഹോട്ടലിലാണ് സംഭവം. ആഗ്രയിൽ ഉള്ള ക്രിസ്തീയ വിശ്വാസികൾക്കു വേണ്ടി മാത്രമാണു യോഗം ക്രമീകരിച്ചിരുന്നത്. ആക്രമണത്തിൽ പലർക്കും കാര്യമായ പരിക്കുകൾ സംഭവിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ ചിതറിയോടി രക്ഷപ്പെടുകയായിരുന്നു.

ഇരുന്നൂറോളം പേർ യോഗത്തിന് കൂടിയിരുന്നു. പരിസരത്തുള്ളവർ ബഹളം കേട്ടതിനെ തുടർന്ന് പൊലീസിൽ അറിയിക്കുകയും മീറ്റിങ്ങിന് നേതൃത്വം കൊടുത്തവരെ പൊലീസ് കസ്റ്റഡിയിൽ എടുക്കുകയും, രാത്രി ഏകദേശം 12 മണിക്ക് കസ്റ്റഡിയിൽ എടുത്തവരെ വിട്ടയയ്ക്കുകയും ചെയ്തു. എന്നാൽ, അക്രമികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല എന്നാണു ലഭിക്കുന്ന വിവരം. ഏകദേശം രണ്ട് ലക്ഷത്തോളം രൂപയുടെ നഷ്ടം ആക്രമണത്തിൽ ഉണ്ടായി. മ്യൂസിക് ഉപകരണങ്ങളും സൗണ്ട്

(ശേഷം പേജ് 7)

# ഐപിസി രാജസ്ഥാൻ സ്റ്റേറ്റ് കൺവൻഷൻ

രാജസ്ഥാൻ: ഐപിസി രാജസ്ഥാൻ സ്റ്റേറ്റ് കൺവൻഷൻ നവംബർ 8 മുതൽ 11 വരെ ജെയ്പൂർ കൽവാർ റോഡിലുള്ള ഇമ്മാനുവേൽ മിഷൻ സ്കൂളിൽ നടക്കും. ദിവസവും വൈകിട്ട് 6 മുതൽ 9 വരെ പൊതുയോഗം നടക്കും. പാസ്റ്റർമാരായ തോമസ് ജോർജ്, പോൾ മാത്യൂസ്, ജോൺ ചാക്കോ, സാമുവേൽ സി.ഡി., റ്റി.സി. വർഗീസ്, ജോൺസൻ എസ്. വർഗീസ്, ജോർജ് സി. വർഗീസ്, സുവി. സാംകുട്ടി ചാക്കോ എന്നിവർ പ്രസംഗിക്കും. സഭാകയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

# പെന്തെക്കോസ്ത് മിഷൻ മിഡിൽ ഈസ്റ്റ് കൺവൻഷൻ നവംബർ 6ന് ദുബായിയിൽ

ഗ്ലെന്നി പി.സി.

ദുബായ്: മിഡിൽ ഈസ്റ്റിലെ ഏറ്റവും വലിയ പെന്തക്കോസ്തു സംഗമമായ ദി പെന്തക്കോസ്ത് മിഷൻ (ന്യൂ ടെസ്റ്റ്മെന്റ് ചർച്ച് ) മിഡിൽ ഈസ്റ്റ് സെന്റർ കൺവൻഷൻ നവംബർ 6 മുതൽ 9 വരെ ദുബായ് അൽ നാസർ ലെയ്സ്ർലാൻഡിൽ (ഐസ്റിങ്) നടക്കും. പൊതുയോഗം, സംയുക്തരാധന, കാത്തിരിപ്പ് യോഗം, ഉപവാസ പ്രാർത്ഥന, യുവജന സമ്മേളനം എന്നിവയാണ് പരിപാടികൾ. ദിവസവും വൈകീട്ട് 7 മുതൽ 10വരെ നടക്കുന്ന പൊതുയോഗങ്ങളിൽ ചീഫ് പാസ്റ്റർ എബ്രഹാം മാത്യു, ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എ.ടി. തോമസ്, തുടങ്ങിയവർ പ്രസംഗിക്കും.

മിഡിൽ ഈസ്റ്റ് സെന്റർ ശുശ്രുഷകൻ പാസ്റ്റർ തമ്പി ദുരൈ നേതൃത്വം നൽകും. 7,8 തീയതികളിൽ രാവിലെ 9 ന് പൊതുയോഗവും, ഉപവാസ പ്രാർത്ഥനയും. 7ന് വൈകീട്ട് 3ന് കാത്തിരിപ്പുയോഗവും, 8ന് വൈകീട്ട് 3ന് യുവജനസമ്മേളനവും നടക്കും. ഈ യോഗങ്ങൾ ദുബായ് ട്രിനിറ്റി ചർച്ചിലാണ് നടക്കുക. 9നു രാവിലെ 8 മുതൽ 12 വരെ നടക്കുന്ന സംയുക്ത ആരാധന അൽ നാസർ ലഷ്ർലാൻഡിലാണ് നടക്കുന്നത്.

യുഎഇ, ബഹ്റൈൻ, കുവൈറ്റ്, സൗദി, ഖത്തർ, ഒമാൻ തുടങ്ങി വിവിധ രാജ്യങ്ങളിലെ വിശ്വാസികളും ശുശ്രുഷകരും പങ്കെടുക്കും. തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനിച്ച രാമൻകുട്ടി എന്ന പാസ്റ്റർ പോൾ ശ്രീലങ്കയിൽ 1923നു സ്ഥാപിച്ച സഭയാണ് ഇന്നത്തെ ടിപിഎം. മിഡിൽ ഈസ്റ്റിലുള്ള സഭകളെ ന്യൂ ടെസ്റ്റ്മെന്റ് സഭ എന്നാണ് അറിയപ്പെടുന്നത്.

# ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 96-ാമത് ജനറൽ കൺവൻഷൻ ജനുവരി 21 മുതൽ 27 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും. ആദ്യ ആലോചനായോഗം ഒക്ടോബർ രണ്ടിനു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജിയുടെ അദ്ധ്യക്ഷതയിൽ സഭാ ആസ്ഥാനമായ മുളക്കുഴയിൽ നടന്നു. പാസ്റ്റർമാരായ തോമസുകുട്ടി ഏബ്രഹാം, ബാബു ചെറിയാൻ, വി.പി. തോമസ് എന്നിവർ പ്രാർത്ഥിച്ചു. പാസ്റ്റർ ഷിബു കെ. മാത്യു സങ്കീർത്തനം വായിച്ചു. സ്റ്റേറ്റ് ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ജോസഫ് മറ്റത്തുകാല സ്വാഗതപ്രസംഗം നടത്തി. സ്റ്റേറ്റ് ഓവർസിയർ റവ. സി.സി. തോമസ് മുഖ്യപ്രഭാഷണം നടത്തി. കർത്താവ് വരുമ്പോൾ പോകുക എന്നുള്ളതായിരിക്കണം നമ്മുടെ അത്യന്തികമായ ലക്ഷ്യമെന്നും, അതുകൊണ്ട് ദൈവസഭയുടെ നിലനിൽപ്പ് നമ്മുടെ ലക്ഷ്യമായിരിക്കണമെന്നും, ആയതിനായി എല്ലാവരും ഉൽസാഹിക്കണമെന്നും അദ്ദേഹം ഓർപ്പിച്ചു. പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു കൃതജ്ഞത പറഞ്ഞു. പാസ്റ്റർ ഏബ്രഹാം മാത്യുവിന്റെ ആശിർവാദത്തോടെ ആലോചനായോഗം സമാപിച്ചു. അടുത്ത യോഗം നവംബർ 13നു മുളക്കുഴ സീയോൻ കുന്നിൽ നടക്കും.

ജനുവരി 21നു വൈകിട്ട് 5.30 ന് സ്റ്റേറ്റ് ഓവർസീയർ റവ. സി.സി.

(ശേഷം പേജ് 7)

# ആസിയാ ബീബിക്ക് അനുകൂലമായി പാക്ക് സുപ്രീം കോടതിവിധി

ഇസ്ലാമബാദ്: മതനിന്ദയുടെ പേരിൽ എട്ടു വർഷമായി മരണ ശിക്ഷ കാത്തുകഴിഞ്ഞിരുന്ന പാക്കിസ്താനിലെ ക്രിസ്ത്യൻ വനിത ആസിയാ ബീബിയെ മോചിപ്പിക്കാൻ പാക്ക് സുപ്രീം കോടതി വിധിച്ചു. വിധിക്കെതിരെ പാക്കിസ്ഥാനിലെ പ്രധാന നഗരങ്ങളിൽ പ്രതിഷേധപ്രകടനങ്ങൾ നടത്തിയ തീവ്രവാദ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകർ പലയിടത്തും പോലീസുമായി ഏറ്റുമുട്ടി. വിധി പ്രസ്താവിച്ച ചീഫ് ജസ്റ്റിസ് സഖിബ് നിസാർ ഉൾപ്പെടെയുള്ള ജഡ്ജിമാർക്കു നേരെ വധഭീഷണിയുണ്ട്.

അയൽക്കാരികളുമായുള്ള സംഭാഷണതതിനിടെ ഇസ്ലാമിനെ നിന്ദിച്ചു എന്നാരോപിച്ച് 2009ൽ അറസ്റ്റിലായ ആസിയയെ 2010ൽ കോടതി മതനിന്ദാ നിയമപ്രകാരം കുറ്റാക്കാരി എന്നു വിധിച്ചു. അന്നു മുതൽ ഏകാന്ത തടവിൽ കഴിയുകയാണ് നാലു കുട്ടികളുടെ അമ്മയായ ആസിയ.



പാക്കിസ്ഥാനിലെ മുൻ സൈനിക ഏകാധിപതി സിയാവുൾ ഹഖാണ് 1980 കാലഘട്ടത്തിൽ മതനിന്ദാനിയമം കൊണ്ടുവന്നത്. ഈ നിയമം അനുസരിച്ച് കുറ്റക്കാരെന്നു കണ്ടാൽ മരണശിക്ഷയാണു നൽകുക. എന്നാൽ മതിയായ തെളിവുകൾ ഇല്ലാതെ വ്യക്തിപരമായ പക തീർക്കാൻ മതനിന്ദാനിയമം പാക്കിസ്ഥാനിൽ വ്യാപകമായി ഉപയോഗിക്കുന്നതായി പരാതിയുണ്ട്. താൻ നിരപരാധിയാണെന്നും തന്നെ കള്ളക്കേസിൽ ഉൾപ്പെടുത്തിയതാണെന്നും ആസിയ പറഞ്ഞിരുന്നു.

കടപ്പാട്

ക്രിസ്ത്യൻ വേൾഡ്
1194 തുലാം - വൃശ്ചികം



## സ്ത്രീസ്വാതന്ത്ര്യം

നൂറ്റാണ്ടുകളായി കുലീനസംസ്കാരം ഊറ്റംകൊള്ളുന്ന നാടാണ് ഭാരതം. പൂർവികർ സ്ത്രീകളെ ദേവതുല്യരായി കണ്ടിരുന്ന കാലമുണ്ടായിരുന്നു. സ്ത്രീകൾക്ക് ഏത് അർധരാത്രിയിലും സഞ്ചരിക്കാൻ സ്വാതന്ത്ര്യമുള്ള ഇന്ത്യയാണ് തന്റെ സ്വപ്നമെന്ന് മഹാത്മജി പറഞ്ഞത് ഓർക്കുന്നു. പക്ഷെ, വനിതാ സംവരണബില്ലും അവകാശപ്രഖ്യാപനങ്ങളും ക്രിമിനൽ നിയമഭേദഗതികളും വന്നപ്പോൾ ആശ്വസിച്ചവർ ഇപ്പോൾ സംശയിക്കുന്നത് നമ്മുടെ നാട് കിരാത സംസ്കാരത്തിലേക്ക് മടങ്ങിപ്പോവുകയാണോ എന്നതാണ്. ഏതായാലും ഈ രാജ്യത്തിൽ ആരും സുരക്ഷിതരല്ല എന്നു വന്നിരിക്കുകയാണ്. പീഡനങ്ങൾ തുടർക്കഥയാകുന്നു. സ്ഫോടനങ്ങൾ അവിടവിടെ ഉണ്ടാകുന്നു. അരക്ഷിതാവസ്ഥയിലേക്ക് രാജ്യം നീങ്ങുന്നു. ഇവിടെ നിയമങ്ങൾക്ക് പുല്ലുവില കല്പിക്കുന്ന അധമസംസ്കാരം വർധിക്കുകയാണ്.

ക്രൂരപീഡനത്തിന് ഇരയാകുന്നത് പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധകൾ വരെയാണ്. സമാധാനത്തോടെ ജീവിക്കാൻ നരാധമന്മാർ അനുവദിക്കുന്നില്ല. അവരുടെ കാമാസക്തി പ്രയോഗിക്കുന്നതിന് പ്രായം ഒരു പ്രശ്നമേയല്ല എന്ന് വന്നിരിക്കുന്നു. ഡൽഹിയിൽ ബസിനുള്ളിൽ കൂട്ടമാനഭംഗത്തിന് ഇരയായ പെൺകുട്ടിയുടെ ഓർമ മനസ്സിൽ നിന്നും മായുന്നില്ല. അതിനുശേഷവും എത്രയെത്ര ക്രൂരസംഭവങ്ങൾ ഉണ്ടായിരിക്കുന്നു. അപ്പോഴൊക്കെ രാഷ്ട്രീയക്കാരും നിയമപാലകരും എന്താണിതിനെതിരെ ചെയ്യുന്നതെന്ന് ഏവരും ശ്രദ്ധിക്കുന്നുണ്ട്. രാജ്യത്തിലെ സാധാരണജനങ്ങൾപോലും പ്രതിഷേധവുമായി തെരുവിലിറങ്ങുമ്പോൾ മണിമന്ദിരങ്ങളിൽ പാർക്കുന്ന നേതാക്കന്മാർ ഇതൊന്നും അറിയുന്നില്ലെന്നാണോ? സ്ത്രീസുരക്ഷ ഉറപ്പാക്കും വിധം നിയമം കർശനമാക്കുവാൻ സത്വരനടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടെ മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന വാർത്തകൾ കൂടാതെ പുറത്തറിയാത്ത സംഭവങ്ങൾ എവിടെയെല്ലാം നടക്കുന്നു. അതിനെ ഒതുക്കിത്തീർക്കാൻ കൂട്ടുനിൽക്കുന്നവർ നിയമസംരക്ഷകരോ?

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്താൻ കഴിയുംവിധം നിയമസംവിധാനങ്ങൾ ശക്തിപ്പെടുത്തണം. ഇനിയൊരു സംഭവം ആവർത്തിക്കപ്പെടാതിരിക്കാനുള്ള സംവിധാനമാണ് വേണ്ടത്. ഇവിടെ അമ്മയും മകളും ഭാര്യയും സഹോദരിയും ഒന്നും സുരക്ഷിതരല്ല. ഇവർക്കെതിരെയുള്ള ക്രൂരതയുടെ കഥകേട്ട് വിലപിക്കാതിരിക്കാൻ നിതാന്ത ജാഗ്രത ആവശ്യം. ഒപ്പം ഓരോ സ്ത്രീകളും കുഞ്ഞുങ്ങളും തങ്ങളുടെ സുരക്ഷ സ്വയം ഉറപ്പാക്കുകയും വേണം. നിയമങ്ങൾ ഉണ്ടാക്കിയതുകൊണ്ട് പ്രശ്നം അവസാനിക്കുന്നില്ല. പ്രത്യുത; അവ നടപ്പാക്കുന്നതിലാണ് കാര്യം.

ജീവിതം ആരംഭിച്ച പിഞ്ചുബാല്യങ്ങൾ തകർന്നുപോകാൻ ഇടവരരുത്. അവർക്കൊരു നല്ലകാലം ബാക്കിനിൽക്കുകയാണ്. അപമാനഭാരവും പേറി അവർ ജീവിക്കാൻ ഇടവരരുത്. പുരുഷന്മാർ കൂടുതൽ കരുതലോടും സൂക്ഷ്മതയോടും ജീവിക്കുക. നമ്മുടെ നാട് സുരക്ഷിതമായിരിക്കട്ടെ.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം
എഴുത്തുകാർക്കു മാത്രമാണ്.

# ക്രിസ്തുവിന്റെ ഭരണം



റവ. ഡോ. ഇട്ടി ഏബ്രഹാം

**കൈ**തൊടാതെ ഒരു കല്ല് പർവ്വതത്തിൽ നിന്നു പറന്നു വന്നു. ഇരുമ്പും താമ്രവും കളിമണ്ണും വെള്ളി യും പൊന്നും തകർ ത്തുകളഞ്ഞതായി കണ്ടതിന്റെ താൽ പര്യമോ.... (ദാനി 2: 45).

ദാനിയേലിന്റെ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന സ്വപ്നത്തിൽ വലിയൊരു കല്ല് ആകാശത്തു നിന്ന് വേഗത്തിൽ പാഞ്ഞുവന്നു. ബിംബത്തിന്റെ കളിമണ്ണ് കൊണ്ടുള്ള കാൽപ്പാദത്തെ തകർത്തുതരിപ്പണമാക്കി. ആര്? എന്താണീ കല്ല്?

യേശുവിനെ കല്ലായി ചിത്രീകരിച്ച് 14 പ്രാവശ്യം പുതിയ നിയമത്തിൽ പരാമർശിക്കുന്നു. യേശു തകർക്കപ്പെട്ട കല്ലാണ്. മോശെ പാറയെ തകർത്തപ്പോൾ അതിൽ നിന്നും വെള്ളം പുറപ്പെട്ടു. (പുറ 17:5-6). ആ പാറ ക്രിസ്തുവായിരുന്നുവെന്ന് അപ്പോസ്തലനായ പൗലോസ് വ്യക്തമാക്കുന്നു. മോശെ അടിച്ച പാറ തകർക്കപ്പെട്ട ക്രിസ്തുവായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. കൂടാതെ യേശു തടങ്കൽ പാറ കൂടിയാണ്. അപ്പോസ്തലനായ പൗലോസ് ഇക്കാര്യം രേഖപ്പെടുത്തുന്നു. (യെശ. 8:14, 28:16, റോമ. 9:33).

> **നമ്മുടെ കാലം വിഗ്രഹാരാധികളെ കൊണ്ട് നിറഞ്ഞതാണ്. ഏതെങ്കിലും രൂപത്തിലൂടെ ആരാധിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.**

ക്രിസ്തു സവിശേഷമായ കല്ല് കൂടിയാണ്. ക്രിസ്തുവിനെ മൂലക്കല്ലായും വിശേഷിപ്പിക്കുന്നു. വീട് പണിയിൽ മൂലക്കല്ലിന് പ്രത്യേക സ്ഥാനമുണ്ട്. കെട്ടിട നിർമ്മിതിയിൽ ഒരു മൂലക്കല്ലുണ്ടാകും. ആ കെട്ടിടത്തിന്റെ ഭാരം മുഴുവനും ഈ മൂലക്കല്ലാകും താങ്ങുക.

ആത്മീക രാജ്യമായ യേശുവിന്റെ രാജ്യം അന്ത്യനാളിൽ യഥാർത്ഥമാകും. ഇതിലെ കല്ല് മനുഷ്യനിർമ്മിതമല്ല. നമുക്ക് ഇഷ്ടികയുണ്ടാക്കാം. വലിയ കെട്ടിടങ്ങളും ആകാശചുംബിതങ്ങളായ ബഹുനിലകെട്ടിടങ്ങളും പണിയാം. എന്നാൽ ദൈവത്തിനു മാത്രമേ കല്ലുണ്ടാക്കാൻ കഴിയൂ. യേശു എന്ന മൂലക്കല്ല് മനുഷ്യനിർമ്മിതമല്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മറിയയുടെ ഉദരത്തിൽ ക്രിസ്തു പിറക്കുകയും കല്ലറയിൽ നിന്നും സ്വന്തം ശക്തിയാൽ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. ഇനിയൊരു നാൾ ക്രിസ്തു മടങ്ങിവന്ന് ഒരു ആത്മീയരാജ്യം സ്ഥാപിക്കും. വളരെ വേഗത്തിലാകും ക്രിസ്തുവിന്റെ രാജ്യം വരിക. മഹോപദ്രവത്തിനു മുമ്പ് (Tribulation) സഭ ഭൂമിയിൽനിന്നും മാറ്റപ്പെടും. വെളിപ്പാട് പുസ്തകമനുസരിച്ച് സഭ ക്രിസ്തുവിനൊപ്പം എടുക്കപ്പെടുകയും ഭൂമിയിൽ ക്രിസ്തുവിന്റെ രാജ്യം സ്ഥാപിക്കപ്പെടുകയും ചെയ്യും. ക്രിസ്തു മടങ്ങി വന്ന് രാജ്യം സ്ഥാപിക്കുമ്പോൾ എല്ലാ കണ്ണുകളും അവനെ കാണാം. "അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്ത് വിളങ്ങും. അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിച്ചുകൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നത് കാണാം." (മത്തായി 24:30). തന്റെ വിശുദ്ധന്മാരോടൊപ്പം ക്രിസ്തു ആയിരമാണ്ട് ഭൂമിയെ വാഴും.

### തീയിൽ കുരുത്ത വിശ്വാസം

പഴയ നിയമത്തിന്റെ പുരാതന രേഖയായ സെപ്റ്റ്യുജന്റ് പ്രകാരം ദാനിയേൽ രണ്ടാമധ്യായവും മൂന്നാമധ്യായവും തമ്മിൽ 16 മുതൽ 20 വർഷത്തെ കാലദൈർഘ്യമുണ്ടെന്നു കണക്കാക്കപ്പെടുന്നു.

### ദൂരാസമഭൂമിയിലെ ബിംബം

ദൂരാസമഭൂമിയിൽ ഒരു വലിയ ബിംബമുണ്ടാക്കാൻ നെബൂഖദ്നേസർ കല്പിച്ചു. അതിന്റെ ഉയരം 60 മുഴവും വണ്ണം 6 മുഴവും ആയിരുന്നു (60 ക്യൂബിറ്റ് ഉയരം അഥവാ 90 അടി വണ്ണം 6 ക്യൂബിറ്റും) (ദാനി 3:1). വലിയ ഉയരവും വണ്ണവും ഉള്ള ഭീമരൂപമുള്ളതായിരുന്നു ബിംബം.

ദാനിയേൽ 3:2: "നെബൂഖദ്നേസർ രാജാവ് പ്രധാന ദേശാധിപന്മാരും സ്ഥാനാപതിമാരും ന്യായാധിപന്മാരും നെബൂദ്ഖദ്നേസർ രാജാവ് നിർത്തിയ ബിംബത്തിന്റെ പ്രതിഷ്ഠക്കു വന്നുകൂടുവാൻ ആളയച്ചു," എല്ലാവരും ഈ അറിയിപ്പു സ്വീകരിച്ചെങ്കിലും ദാനിയേൽ മാത്രം രാജാവിന്റെ അറിയിപ്പ് അവഗണിച്ചു.

ഈ ബിംബം മാനവജാതിയെ പ്രതിനിധീകരിക്കുന്നു. മരം കൊണ്ടു നിർമ്മിച്ച ഈ ബിംബത്തിന്റെ പുറം പൊന്നുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. പുറമേ നശിക്കാത്തതെന്ന് തോന്നുന്നതാണെങ്കിലും അകം ബലഹീനമായിരുന്നു. ഇത് മനുഷ്യന്റെ കൈവേലയുടെ നശ്വരത തുറന്നുകാട്ടുന്നു.

രണ്ട് കാര്യങ്ങളാണ് ഈ ബിംബപ്രതിഷ്ഠയിലൂടെ രാജാവ് ലക്ഷ്യമിട്ടത്.

1. മതപരമായി തന്റെ സാമ്രാജ്യത്തെ ഏകോപിപ്പിക്കാൻ ലക്ഷ്യമിട്ടു. ഇതുതന്നെ സാത്താൻ ഈ അന്ത്യകാലത്തും ചെയ്തുവരുന്നത്.
2. സ്വയം ദൈവപദവിയിലേക്ക് രാജാവ് ഉയർത്തി. മാനവികത അഥവാ മനുഷ്യമഹത്വം ദൈവികതയായി ഉയർത്തപ്പെടുന്നു. സാമ്രാജ്യത്തിലെ സകല ജനത്തെയും ഏകോപിപ്പിക്കാൻ നെബൂഖദ്നേസർ ശ്രമിച്ചു.

വാദ്യഘോഷങ്ങൾ മുഴങ്ങുമ്പോൾ എല്ലാവരും ബിംബത്തെ കുമ്പിടാൻ രാജാവ് കല്പിച്ചു. എന്നാൽ യഹൂദന്മാരായ ഷദ്രക്, മേശക്ക്, അബേദ്നഗോ മുതലായവർ ബിംബത്തെ വണങ്ങിയില്ല. പുറപ്പാട് 20:4-5 പറഞ്ഞിരിക്കുന്നതിൻ പ്രകാരം വിഗ്രഹവണക്കത്തിൽ നിന്നും അവർ മാറി നിന്നു.

നമ്മുടെ കാലം വിഗ്രഹാരാധികളെ കൊണ്ട് നിറഞ്ഞതാണ്. ഏതെങ്കിലും രൂപത്തിലൂടെ ആരാധിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഒരു കുരിശ് ധരിച്ചതുകൊണ്ട് ആരും ക്രിസ്ത്യാനിയായി മാറുന്നില്ല. ക്രിസ്തുവുമായുള്ള വ്യക്തിബന്ധമാണ് ഒരാളെ ക്രിസ്ത്യാനിയാക്കുന്നത്.

ദാനിയേൽ 3:16-18. ദൈവത്തിനുവേണ്ടി ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നതിനെക്കുറിച്ച് ഈ യഹൂദ പുരുഷൻമാർക്ക് വ്യക്തമായി അറിയാമായിരുന്നു. വിഗ്രഹത്തെ വണങ്ങുന്നത് നിഷേധിച്ചതിലൂടെ ദൈവവുമായുള്ള അവരുടെ സമ്പൂർണ്ണ സമർപ്പണം വ്യക്തമാക്കപ്പെട്ടു. അവരുടെ ദൈവത്തിൽ അവർക്കു സമ്പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു.

യഹൂദ യുവാക്കൾ സമ്പൂർണ്ണമായി തങ്ങളുടെ ദൈവത്തിൽ വിശ്വസിക്കുന്നവരും ദൈവസാന്നിദ്ധ്യബോധമുള്ളവരുമായിരുന്നു.

### അഗ്നിച്ചൂളയിൽ രാജാവ് കണ്ട നാലാമതൊരുവൻ

1. അവിടെ ദൈവസാന്നിദ്ധ്യമുണ്ടായിരുന്നു.
2. ദൈവസംരക്ഷണമുണ്ടായിരുന്നു.
3. ദൈവശക്തിയുണ്ടായിരുന്നു.

തീച്ചൂളയിൽ യഹൂദ യുവാക്കൾ വലിച്ചെറിയപ്പെട്ടെങ്കിലും അവർ വെന്തുപോകാതിരുന്നത് രാജാവിനെയും കൂട്ടരെയും അത്ഭുതപ്പെടുത്തി. ഒടുവിൽ രാജപ്രീതി ലഭിച്ച ഷദ്രക്ക്, മേശക്ക്, അബേദ്നഗോ

(ശേഷം പേജ് 7)

EDITORIAL BOARD

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

**ബീഹാറിലൂടെ...**

# രാജകൊട്ടാരത്തിൽ

**ബീഹാറിൽ സുവിശേഷപ്രവർത്തനത്തിലായിരിക്കുന്ന ഡോ. എബി പി. മാത്യു, തങ്ങളുടെ മിഷൻ പ്രവർത്തനങ്ങളിൽ അനുഭവിക്കുന്ന ദൈവീക കരുതലുകളുടെ അനുഭവങ്ങൾ ഈ പംക്തിയിലൂടെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത്.**

ഒരു സമയത്ത് ഞാൻ സൗദി അറേബ്യയിലെ അബ്ദുള്ള രാജകുമാരന്റെ കൊട്ടാരത്തിൽ ജോലി ചെയ്തിരുന്നു. അദ്ദേഹം പിന്നീട് സൗദിയിലെ രാജാവായി. ഒരു മാറ്റത്തിന് വേണ്ടിയായിരുന്നു ഞാൻ സൗദി അറേബ്യയിലേക്ക് പോയത്. പണസമ്പാദനം ആയിരുന്നില്ല എന്റെ ലക്ഷ്യം. അവന്റെ വേലയ്ക്ക് വേണ്ടി ദൈവം എന്നെ അവിടേക്ക് നയിക്കുന്നതായി എനിക്ക് തോന്നി.

ഒരു ആഴ്ചയിൽതന്നെ മൂന്ന് ഇന്റർവ്യൂവിനുള്ള അവസരങ്ങൾ കൈവന്നു. ഒന്ന്, ചൈനയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിനുള്ള സാദ്ധ്യത. മറ്റൊന്ന്, ഖരക്പൂർ ഐ.ഐ.റ്റിയിൽ ഒരു പ്രോജക്ട് ഫെല്ലോ. മൂന്നാമത്തേത്, സൗദി അറേബ്യയിൽ വാട്ടർ ക്വാളിറ്റി കൺട്രോൾ ഡിപ്പാർട്ടുമെന്റിൽ ഒരു ഒഴിവിലേക്ക്.

മൂന്നാമത്തേതാണ് ഞാൻ തിരഞ്ഞെടുത്തത്. തിരികെ ഇന്ത്യയിലെത്തി ദീർഘകാല മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടേണമെന്ന താൽപര്യമായിരുന്നു ഒരു കാരണം.

സൗദിയിലെ തയ്ഫിൽ ഞാൻ ജോലിക്കെത്തി. അവിടുത്തെ ഒരു രഹസ്യ സഭയിൽ അംഗമായി. ആ സഭയ്ക്ക് നേതൃത്വം കൊടുത്തിരുന്ന സഹോദരന് പെട്ടെന്ന് നാടുവിട്ടു പോകേണ്ടി വന്നപ്പോൾ ആ സ്ഥാനം ഏറ്റെടുക്കുവാൻ എന്നോട് ആവശ്യപ്പെട്ടു. എഴുന്നേറ്റ് ഒരു നല്ല സാക്ഷ്യം പറയുവാൻ പോലും ധൈര്യമില്ലാതിരുന്ന കാലം. എന്റെ മാതൃസഭയിലെ സണ്ടേസ്കൂൾ അഭ്യസനമല്ലാതെ മറ്റൊരു വേദഅഭ്യസനത്തിനും എനിക്ക് അവസരമുണ്ടായിട്ടില്ല. തടസ്സവാദങ്ങൾ പലതും ഞാൻ ഉന്നയിച്ചെങ്കിലും ഇതൊരു ദൈവവിളിയാണ് എന്ന സഭാംഗങ്ങളുടെ നിർബന്ധപൂർവ്വമായ പ്രേരണയ്ക്ക് വഴങ്ങി ആ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വന്നു. എന്നെക്കാൾ മുതിർന്ന പല സഹോദരന്മാർ അവിടെ ഉണ്ടായിരുന്നതിനാൽ വളരെ പ്രയാസത്തോടെയാണ് ഞാൻ സമ്മതം മൂളിയത്. ദൈവം തന്റെ വേലയ്ക്ക് വേണ്ടി എന്നെ പരിശീലിപ്പിക്കുകയായിരുന്നു എന്ന് പിൽക്കാലത്ത് എനിക്ക് ബോദ്ധ്യപ്പെട്ടു. ചില പരാജയങ്ങളൊക്കെ ഉണ്ടായെങ്കിലും സുവിശേഷവേലയ്ക്ക് വേണ്ടിയ ഏറ്റം നല്ല പരിശീലനക്കളരിയായിരുന്നു സൗദി അറേബ്യ.

ആഴ്ചയിൽ കുറഞ്ഞത് രണ്ട് പ്രസംഗങ്ങൾ എങ്കിലും ചെയ്യേണ്ടിയിരുന്നു. ഏറെ തയ്യാറെടുപ്പ് വേണ്ടിയിരുന്നു പ്രസംഗങ്ങൾക്ക്. ഓഫീസിൽ ആവശ്യത്തിന് ഒഴിവ് സമയം ലഭിച്ചിരുന്നത് എന്റെ ഭാഗ്യം. അവിടെയിരുന്ന് ഞാൻ പ്രസംഗങ്ങൾ തയ്യാറാക്കി. കൊട്ടാരസമുച്ചയത്തിൽ സ്ഥിതിചെയ്തിരുന്ന ഓഫീസിലേക്ക് ബൈബിളുമായി പോകാൻ തന്നെ തീരുമാനിച്ചു. ബൈബിൾ നിഷിദ്ധമായ സൗദി പോലൊരു രാജ്യത്തെ രാജകൊട്ടാരത്തിലേക്ക് ബൈബിളുമായി പോകുന്നത് എത്ര ആപത്കരമാണെന്ന് ആലോചിക്കൂ! കൊട്ടാരത്തിലേക്ക് പ്രവേശിക്കുമ്പോൾ തീവ്രമായ സെക്യൂരിറ്റി പരിശോധനകളുണ്ട്.



ഡോ. എബി പി. മാത്യു

> **ബൈബിൾ നിഷിദ്ധമായ സൗദി പോലൊരു രാജ്യത്തെ രാജകൊട്ടാരത്തിലേക്ക് ബൈബിളുമായി പോകുന്നത് എത്ര ആപത്കരമാണെന്ന് ആലോചിക്കൂ! കൊട്ടാരത്തിലേക്ക് പ്രവേശിക്കുമ്പോൾ തീവ്രമായ സെക്യൂരിറ്റി പരിശോധനകളുണ്ട്.**

എങ്കിലും ദൈവം നൽകിയ ധൈര്യത്തോടെ ബൈബിളുമായി ഓഫീസിലേക്ക് പോയിത്തുടങ്ങി. ഇതെന്റെ ദിനചര്യയുടെ ഭാഗമായിത്തീർന്നപ്പോൾ പലപ്പോഴും എന്റെ പക്കൽ ബൈബിൾ ഉണ്ടെന്ന കാര്യം തന്നെ ഞാൻ വിസ്മരിച്ചിരുന്നു. ഒരു വൈകുന്നേരം ജോലി കഴിഞ്ഞ് മടങ്ങുമ്പോൾ, ബൈബിൾ കൂടെ കൊണ്ടുപോരേണമെന്ന് ചിന്തിച്ചെങ്കിലും, വേണ്ടായെന്ന് ആത്മാവ് ശക്തമായി പറയുന്നതായി എനിക്ക് അനുഭവപ്പെട്ടു. അത് ഓഫീസിൽ തന്നെയിരിക്കട്ടെയെന്ന് തീരുമാനിച്ച്, പകരം ജോലിയുമായി ബന്ധപ്പെട്ട ഒരു പുസ്തകം ബാഗിൽ തിരുകി. അന്ന് ആദ്യമായി സെക്യൂരിറ്റി ഉദ്യോഗസ്ഥൻ എന്റെ ബാഗ് പരിശോധിച്ചു. ബാഗിലുണ്ടായിരുന്ന പുസ്തകം പേജ് പേജായി പരിശോധിച്ചിട്ടാണ് എന്നെ വിട്ടയച്ചത്. അന്ന് എന്റെ പക്കൽ ബൈബിൾ കണ്ടെടുത്തിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു എന്ന് ഊഹിക്കാമോ? എന്നെ ജയിലിൽ അടയ്ക്കുമെന്ന് മാത്രമല്ല, തുടർഅന്വേഷണത്തിൽ മറ്റ് വേദപുസ്തകസംബന്ധമായ പുസ്തകങ്ങളും ഞങ്ങളുടെ ആരാധനാസ്ഥലവും കണ്ടെത്തിയേനെ. പലരും ജയിലിലാകുകയോ നാടു കടത്തപ്പെടുകയോ ഒക്കെ ആകാമായിരുന്നു. ദൈവത്തിന്റെ അതുല്യമായ സംരക്ഷണത്തിന് നന്ദി കരേറ്റുന്നു.

മറ്റൊരു ദിവസം, പൊടുന്നനെ ഒരുപറ്റം യുവ മിലിറ്ററി ഓഫീസർമാർ ഓഫീസിലെത്തി പരിശോധന ആരംഭിച്ചു. എന്റെ ഹൃദയം ശക്തിയായി മിടിക്കുവാൻ തുടങ്ങി. വേദപഠനത്തിനായി ഞാൻ അവിടെ സൂക്ഷിച്ചിരുന്ന പുസ്തകങ്ങൾ കണ്ടെത്തിയെങ്കിലോ! എന്ത് ചെയ്യണമെന്നറിയാതെ ഞാൻ കുഴങ്ങി. സഹായത്തിന് ആരുമില്ല. ആയിടെ സൗദി ജയിലിലടക്കപ്പെട്ട ഒരു അയൽക്കാരന്റെ ഓർമ്മ എന്നെ അസ്വസ്ഥനാക്കി. ദീർഘനാളുകൾ ആ യുവാവ് അഴികൾക്ക് പിന്നിലായിരുന്നു. കണ്ണിൽ ഇരുട്ട് കയറുംപോലെ. വിറയാർന്ന ശരീരവുമായി ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. കാരുണ്യവാനായ എന്റെ കർത്താവ് നിലവിളിക്ക് മറുപടി നൽകുക തന്നെ ചെയ്തു. എല്ലായിടവും ചികഞ്ഞു പെറുക്കിയ ആ ഓഫീസർമാർ എന്റെ മുറി മാത്രം പരിശോധിക്കാതെ സ്ഥലം വിട്ടു. ദൈവത്തിന് സ്തോത്രം!

വേറൊരിക്കൽ ഓഫീസിലേക്കുള്ള വഴിയിൽ ഒരാൾക്കൂട്ടം. ചില സ്ത്രീകളെ വധശിക്ഷയ്ക്ക് വിധിച്ചിരിക്കുന്നെന്നും, ശിക്ഷ പരസ്യമായി നടപ്പാക്കുകയാണെന്നുമാണ് കേട്ടത്. കുറെകൂടി അടുത്ത് ചെന്ന് കാര്യങ്ങൾ വ്യക്തമായി കാണണമെന്നൊരു താൽപര്യം. എങ്കിലും ആത്മാവ് എന്നെ ശക്തമായി വിലക്കി. “അവിടേക്ക് പോകരുത്”. ആന്തരിക പ്രേരണയ്ക്ക് വഴങ്ങി നീങ്ങി മാറുമ്പോൾ നേരത്തെ ഞാൻ നിന്നിരുന്ന സ്ഥലത്ത് വലിയൊരു ബഹളം. പിന്നീട് ഞാൻ അറിഞ്ഞത് അവിടെ നിന്നിരുന്ന എന്റെ ഒരു നല്ല പരിചയക്കാരൻ പയ്യനെ ഫോട്ടോ എടുക്കാൻ ശ്രമിച്ചതിന്റെ പേരിൽ അറസ്റ്റ് ചെയ്തു. വാസ്തവത്തിൽ അവൻ ഫോട്ടോയൊന്നും എടുത്തിരുന്നില്ല. എങ്കിലും അവനും അവന്റെ സുഹൃത്തും പൊലീസ് പിടിയിലായി. അവരുടെ വാസസ്ഥലമൊക്കെ അരിച്ചു പെറുക്കി. ഞാൻ അവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ ഗതിയും വ്യത്യസ്തമാകുമായിരുന്നില്ല. എന്റെ മുറിയും ഓഫീസുമൊക്കെ പരിശോധനയ്ക്ക് വിധേയമായേനെ. അവിടെനിന്ന് കണ്ടെടുക്കുന്നത് ഫോട്ടോകൾ മാത്രമായിരിക്കില്ല – ബൈബിളുകളും ബൈബിൾ സംബന്ധമായ പുസ്തകങ്ങളും! മാത്രമല്ല മാനസാന്തരത്തിന്റെ കഥകൾ അടങ്ങിയ കുറിപ്പുകളും.

## ക്രിസ്ത്യൻ വേൾഡ് Bible QUIZ



## സജിഅങ്കിൾ'സ് ക്വിസ് 3

**ഈ ലക്കം മുതൽ 19 വയസ്സിൽ താഴെയുള്ളവർ മാത്രം ശരിയുത്തരം എഴുതി അയയ്ക്കുക. ചോദ്യത്തിനു താഴെ കൊടുത്തിരിക്കുന്ന കോളത്തിൽ ഉത്തരം എഴുതുക. അടയാളപ്പെടുത്തിയ ഭാഗം വെട്ടിയെടുത്ത് ഫോട്ടോയും പൂർണവിലാസവും ഫോൺ നമ്പരും ഉൾപ്പെടെ താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കുക.**

1. യിസ്രായേൽ ഗൃഹത്തിനു പ്രതീകമായി യെഹെസ്കേൽ എത്രദിവസം ഇടതുവശം ചെരിഞ്ഞുകിടന്നു?
2. സ്വന്തം ഭാര്യയുടെ വേർപാടിൽ കരയരുത് എന്ന് ദൈവം ആരോടാണ് പറഞ്ഞത്?
3. അന്ത്യകാലംവരെ മുദ്രയിടുവാൻ പറഞ്ഞിരിക്കുന്നത് ഏതു പുസ്തകത്തെക്കുറിച്ചാണ്?
4. അമ്മീ എന്ന പേരിന്റെ അർഥം?
5. എപ്പോൾ നുകം ചുമക്കുന്നതാണ് പുരുഷനു നല്ലത്?
6. കൈതൊടാതെ പെട്ടെന്നു മറിഞ്ഞുപോയ ഒരു ദേശം?
7. യഹോവയുടെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ച പ്രവാചകനാര്?
8. കോലായാവ് എന്ന പേരിന്റെ അർഥം?
9. സ്വന്തം മക്കളെ കൊല്ലുന്നതു കാണേണ്ടിവന്ന രാജാവ്?
10. കുറുനരികൾക്ക് പാർപ്പിടവും നിത്യശൂന്യവും ആയിത്തീർന്നത്?

കൂടുതൽ പേർ വിജയികളായാൽ നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നതാണ്.
ശരിയുത്തരം അയയ്ക്കേണ്ട അവസാന തീയതി നവംബർ 15
ക്രിസ്ത്യൻ വേൾഡ്, മാങ്ങാനം പി.ഓ., കോട്ടയം – 686 018, കോട്ടയം, കേരളം cwbq2018@gmail.com

| | |
|---|---|
| ഒന്നാം സമ്മാനം | 1000 രൂപ |
| രണ്ടാം സമ്മാനം | 700 രൂപ |
| മൂന്നാം സമ്മാനം | 500 രൂപ |

### ബൈബിൾ ക്വിസ് 2-ന്റെ ഉത്തരം

1. യോശുവ (7:6)
2. യിശ്മായേൽ (ഉല്പ. 16:11)
3. ഹിത്യർ അബ്രഹാമിനോട് (ഉല്പ. 23:5)
4. റാഹേലും ലേയയും (ഉല്പ. 31:14)
5. താമാർ (ഉല്പ. 38:14).
6. സൗരഭ്യവാസനയായ ദഹനയാഗത്തിൽ (ലേവ്യ 2:2)
7. നാദാബും അബീഹുവും (ലേവ്യ. 10:1,2)
8. 7 (ആവർ. 7:1)
9. ഏഹൂദ് (80) (ന്യായാ. 3;30)
10. ഫിനെഹാസിന്റെ ഭാര്യ (1 ശമൂ. 4:19,20)
11. ആഗാഗ് (1 ശമൂ. 15:32)
12. അബിശായി (2 ശമൂ. 23:18)
13. ശീശക് (1 രാജ്വ് 14:25)
14. യിശ്മയ്യാവ് (1 ദിന. 12:4)
15. ആഹാസ് (24:22)
16. യെരൂശലേം (വിലാപം 2:15)
17. തദാസ് (അപ്പൊ.പ്രവൃ 5:36)
18. വിശ്വാസത്യാഗം (2 തെസ്സ. 2:1–3)
19. ത്രോവാസിലെ കർപ്പൊസിന്റെ പക്കൽ (2 തിമൊ. 4:13)
20. യോഹന്നാൻ കണ്ട വെട്ടുക്കിളി (വെളി. 9:3)

**ഒന്നാം സമ്മാനം**
സുശീല തങ്കച്ചൻ
കലയപുരം,
കൊട്ടാരക്കര

**രണ്ടാം സമ്മാനം**
ജെസ്സി ഷാജി
ശാരോൻ ഫെലോഷിപ്പ് ചർച്ച്
പത്തനാപുരം

**മൂന്നാം സമ്മാനം**
ഗ്രേസി തോമസ്
മിസ്പ കോട്ടേജ്
അടൂർ, പത്തനംതിട്ട

# കരുതുന്ന നല്ല നാഥൻ

ലോകപ്രസിദ്ധമായ ഇംഗ്ലണ്ടിലെ തെംസ് നദിയുടെ കരയിലാണ് ജോനാഥാൻ എൽവി എന്ന ദരിദ്രനായ മനുഷ്യന്റെ വീട്.

വളരെ വലിയ ദൈവഭക്തനായ ആ മനുഷ്യൻ ദിവസവും നാലു നേരം പ്രാർഥിക്കുന്ന മനുഷ്യനാണ്.

മരിയ എന്ന തന്റെ ഭാര്യ, എഡ്വിൻ എന്ന മകൻ എന്നിവർ അടങ്ങുന്ന ഒരു ചെറിയ കുടുംബം.....

തെംസിന്റെ കരയിൽ, അദ്ദേഹത്തിന് ഒരു ചെറിയ കൃഷി ഉണ്ട്. വൈകുന്നേരങ്ങളിൽ തെംസ് നദിയിൽ മീൻ പിടിക്കുവാൻ അദ്ദേഹം പോകാറുണ്ട്.

പലപ്പോഴും നിരാശനായി അദ്ദേഹം മടങ്ങി വരും..... അപ്പോഴെല്ലാം അദ്ദേഹം ദൈവത്തോട് ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്, 'ഇന്നേദിനത്തെക്കാളും ശ്രേഷ്ഠമായി നാളെ നീ എനിക്കായി ഒരിക്കിയിട്ടുള്ളത് ഓർത്ത് നാഥാ നിനക്ക് നന്ദി.......'

തന്റെ പിതാവിന്റെ പ്രാർത്ഥന ഇങ്ങനെ കേൾക്കുന്ന മകൻ എഡ്വിൻ പിതാവിനോട് ചോദിക്കുക പതിവാണ് 'ഡാഡി എന്താണ് നാളത്തേക്ക് ദൈവം നമുക്ക് ഒരുക്കുന്നത്....?'

അത് കേൾക്കുന്ന ജോനാഥാൻ ഇങ്ങനെ പറയും, 'മകനേ, നമ്മൾ വിചാരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായി ദൈവം നമുക്ക് നൽകും... പക്ഷെ, അത് എന്ത് എന്ന് നാം പ്രതീക്ഷിക്കരുത്. കാരണം, ദൈവത്തിന്റെ ദാനം അത് ഏറ്റവും വിലയേറിയതാണ്...'

പലപ്പോഴും തെംസ് നദി കരകവിഞ്ഞ് ഒഴുകാറുണ്ട്. അപ്പോൾ അതിൽ കൂടി മൃഗങ്ങളും, മരത്തടികളും ഒഴുകി വരും. അതൊക്കെ അന്വേഷിച്ചു വരുന്നവർക്ക് നീന്തി എടുത്തു ജോനാഥാൻ തിരികെ നല്കും.

ഒരിക്കൽ ഒരു മഴക്കാലത്ത്, രാത്രിയിൽ ഒരു ആടിന്റെ കരച്ചിൽ കേട്ട് ജോനാഥാൻ ഉണർന്നു. താൻ കരച്ചിൽ കേട്ട ലക്ഷ്യം വെച്ച് നീന്തി ചെന്നപ്പോൾ ഒരു പലകയിൽ പിടിച്ചു ഒഴുകി വരുന്ന ഒരു ആട്... അതിനെയും എടുത്തു കരയിൽ കയറുമ്പോൾ എഡ്വിൻ പറഞ്ഞു,

'ഡാഡി ഇതിനെ അന്വേഷിച്ച് ആരും അടുത്ത ദിവസങ്ങളിൽ വരാതെ ഇരുന്നാൽ എനിക്ക് ഇതിനെ സൂപ്പ് ആക്കി തരുമോ...?'

മകന്റെ ചോദ്യം കേട്ട് ജോനാഥാൻ ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഒരിക്കലും ഇല്ല എഡ്വിൻ, നിന്റെ ഡാഡി അങ്ങനെ ചെയ്യില്ല...'

എഡ്വിൻ തിരിച്ച് ചോദിച്ചു: 'ഡാഡി, ദൈവം നല്കിയ സമ്മാനം ആണ് ഇത് എങ്കിലോ...?'

ജോനാഥാൻ ചിരിച്ചുകൊണ്ട് തുടർന്നു: 'ഇല്ല എഡ്വിൻ, ആ സമ്മാനം ഞാൻ വേണ്ട എന്ന് വെക്കും.'

ദിവസങ്ങൾ കഴിഞ്ഞപ്പോൾ, ഒരു വൃദ്ധയായ സ്ത്രീ തന്റെ ആടിനെ അന്വേഷിച്ചു ജോനാഥന്റെ വീട്ടിൽ എത്തി... തന്റെ മൃഗത്തെ തിരിച്ച് ലഭിച്ചപ്പോൾ ആ സ്ത്രീ ഇങ്ങനെ പറഞ്ഞു, 'കുഞ്ഞേ, നീ ചെയ്യുന്ന ഇത്തരം പ്രവർത്തികൾക്ക് ദൈവം ഒരു വലിയ പ്രതിഫലം നിനക്ക് നല്കും'.

ദിവസങ്ങൾ കടന്നു പോകവേ, ഒരുനാൾ ഇംഗ്ലണ്ട് മുഴുവനും ഒരു ശക്തമായ കാറ്റും, മഴയും തുടങ്ങി... ദിവസങ്ങൾ പോകുംതോറും അത് ശക്തി പ്രാപിച്ചു തുടങ്ങി. തെംസ് നദി കരകവിഞ്ഞ് ഒഴുകി തുടങ്ങി.

ജോനാഥന്റെ കൃഷിയിടം മുഴുവൻ വെള്ളത്തിലായി. ആഹാരത്തിനുള്ള മാർഗങ്ങൾ എല്ലാം അടഞ്ഞു. വൈകുന്നേരം ആയപ്പോൾ എഡ്വിൻ വിശന്നു കരച്ചിൽ ആരംഭിച്ചു.

ജോനാഥാൻ തന്റെ മകനെ ചേർത്ത് പിടിച്ചു ഇങ്ങനെ പ്രാർത്ഥിച്ചു,

'ദൈവമേ, എന്റെ കുഞ്ഞിന്റെ വിശപ്പ് മാറ്റുവാൻ അവിടുന്ന് സഹായിക്കേണം... ഞാൻ വിശ്വസിക്കുന്നു... ഇന്നലെയെക്കാൾ ശ്രേഷ്ഠമായി ഇന്ന് എന്നെ പോഷിപ്പിക്കുവാൻ കഴിവുള്ള ദൈവമാണ് അവിടുന്ന്'

മരിയയും ജോനാഥാനും കരങ്ങൾ ചേർത്ത് പ്രാർത്ഥിച്ചു... ശബ്ദം മഴയുടെ മുഴക്കത്തിൽ അലിഞ്ഞുപോയി.

അതിരാവിലെ കതകിൽ ആരോ മുട്ടുന്ന ശബ്ദം കേട്ട് ജോനാഥാൻ ചാടി എഴുന്നേറ്റു. ചുവരിൽ തൂക്കിയിട്ട ക്ലോക്കിലേക്ക് ജോനാഥാൻ നോക്കി, പുലർച്ചെ മൂന്നുമണി സമയം... ഈ നേരത്ത് ആരാണ് ഇത്...?

മരകതകിന്റെ പാളി വലിച്ചു തുറന്ന ജോനാഥാൻ പുറത്തേക്കു നോക്കി... ഒരു റാന്തൽ വിളക്കിന്റെ വെളിച്ചം ആണ് ആദ്യം കണ്ണിൽ ഉടക്കിയത്... തൊട്ടുപിറകിൽ മഴക്കോട്ടും, തൊപ്പിയും വെച്ച് ഒരു ഉയരമുള്ള മനുഷ്യൻ.

ആ മനുഷ്യൻ ജോനാഥാനോട് ഇങ്ങനെ പറഞ്ഞു, 'സ്നേഹിതാ എന്നെ ഒന്ന് സഹായിക്കുമോ? ഞാൻ ഇംഗ്ലണ്ടിന്റെ വടക്ക് കിഴക്കൻ പട്ടണത്തിലെ ഒരു വ്യാപാരി ആണ്. ഞാൻ കച്ചവട ആവശ്യത്തിനായി പോകുകയാണ്. പക്ഷെ, ഈ ആർത്തൊഴുകുന്ന തെംസ്നദി എന്റെ യാത്രയെ അപ്പാടെ മാറ്റി കളഞ്ഞു... എന്റെ പായ്ക്കപ്പൽ തകർന്നു പോകും... എന്റെ ജീവൻ പോലും നഷ്ടപ്പെട്ടേക്കാം... ആയതിനാൽ നിങ്ങൾ എന്നെ ഒന്ന് സഹായിക്കണം... ഞാൻ എന്റെ പായ്ക്കപ്പൽ ഇവിടെ അടുപ്പിച്ചിട്ടുണ്ട്... അതിലുള്ള ഭാരം എനിക്ക് കുറയ്ക്കണം... നദിയിൽ കളയുവാൻ ഞാൻ തുടങ്ങിയപ്പോൾ ആരോ എന്നെ തടയുന്നതുപോലെ എനിക്ക് തോന്നി... അപ്പോഴാണ് ഞാൻ ഈ വീട്ടിൽ റാന്തൽ വെട്ടം കണ്ടത്...'

ജോനാഥാൻ ആ മനുഷ്യനോടൊപ്പം വഞ്ചി അടുപ്പിച്ച സ്ഥലത്തേക്ക് നടന്നു... അയാൾ ഇറക്കിവെക്കുന്ന സാധനങ്ങൾ നിറഞ്ഞ തടി പ്പെട്ടികൾ ഓരോന്നും തന്റെ വീടിന്റെ തിണ്ണയിലേക്ക് എടുത്തു വെച്ചു... ആ മനുഷ്യനോട് ഇപ്രകാരം പറഞ്ഞു, 'ഞാൻ ഇത് ഇവിടെ സൂക്ഷിച്ചു വെച്ചുകൊള്ളാം... നിങ്ങൾ എപ്പോൾ വന്നാലും ഇത് മടക്കി എടുത്തു കൊണ്ടുപോകാം...'

ആ മനുഷ്യൻ ഇങ്ങനെ പറഞ്ഞു: 'ഒരിക്കലും ഞാൻ ഈ വഴി വരില്ല... ഇതിൽ ഉള്ളതെല്ലാം നിങ്ങൾ ഉപയോഗിച്ചുകൊള്ളൂ... ഞാൻ പോകുന്നു... നേരം പുലരുമ്പോൾ എനിക്ക് പട്ടണത്തിൽ എത്തണം... നന്ദി... സ്നേഹിതാ...'

നേരം പുലർന്നപ്പോൾ എഡ്വിൻ ഉണർന്നു ഡാഡിയെ അന്വേഷിച്ചു... പുറത്തു വരാന്തയിൽ ഇരിക്കുന്ന പെട്ടികൾ തുറന്ന് പരിശോധിക്കുന്ന പിതാവിനെ കണ്ടു അവൻ ചോദിച്ചു... 'ഡാഡി എന്താണ് ഇത്...?'

അവന്റെ കുഞ്ഞു കയ്യിലേക്ക് ഒരു ടിൻ എടുത്തുവെച്ചു കൊടുത്തു ജോനാഥാൻ പറഞ്ഞു...

'എഡ്വിൻ, ഇത് ആടിന്റെ ഇറച്ചി ഉണക്കിയതാണ്... നിന്റെ അമ്മയോട് പറയു ഇത് സൂപ്പ് ആക്കി തരുവാൻ.

എഡ്വിൻ മോന്റെ ഡാഡി എപ്പോഴും പറയാറില്ലേ... ശ്രേഷ്ഠമായ ഒന്ന് ദൈവം നല്കും എന്ന്... ഇതാണ് ആ സമ്മാനം... നമുക്കായി ദൈവം ഒരുക്കി തന്ന വലിയ സമ്മാനം... അരിയും, ഗോതമ്പും... കമ്പിളിയും... മത്സ്യവും... ഇറച്ചിയും എല്ലാം ഇതിലുണ്ട്... എഡ്വിൻ ഇത് നല്കിയ ദൈവത്തിനു നന്ദി പറയു...

ഇതിനെക്കാൾ ഉപരിയായി ഇനിയും ദൈവം നമ്മെ നടത്തും...'

കയ്യിൽ ഇരുന്ന ടിൻ എടുത്തു അടുക്കളയിലേക്കു ഓടുമ്പോൾ ആ കുഞ്ഞു കണ്ണുകൾ സന്തോഷം കൊണ്ട് വിടർന്നിരുന്നു.

ജോനാഥാൻ എൽവി എന്ന ഈ നല്ല മനുഷ്യന്റെ ജീവിതം ഇന്ന് നമുക്ക് ഒരു ജീവിതാനുഭവത്തിന്റെ പിന്തുടർച്ച ആകണം.

ഒന്നിനെയും കുറിച്ച് ഓർത്ത് വിചാരപ്പെടാതെ എല്ലാ ആവശ്യങ്ങളും സ്തോത്രത്തോടെ നാഥനോട് അറിയിച്ചു കാത്തിരിക്കാം.

ഇന്നിനേക്കാൾ ശ്രേഷ്ഠമായ നല്ലയൊരു നാളെക്കായി... പ്രത്യാശയോടെ...

(അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പീൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ 1 പത്രൊസ് 5: 6,7).

*കടപ്പാട്*



# പെൺമക്കൾ നന്നായി വരാനുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ

**പെൺകുട്ടികളുള്ള മാതാപിതാക്കളുടെ അറിവിലേക്ക്**
**പ്രശസ്ത സൈക്കോളജിസ്റ്റ്**
**ശ്രീ മാത്യു പടമാടൻ പറയുന്നത്:**



ഇതുവരെ ഒളിച്ചോടിപ്പോയ/ വഴിതെറ്റിപ്പോയ കുട്ടികളുടെ സാഹചര്യങ്ങൾ പഠനവിധേയമാക്കിയാണ് ഈ നിയമാവലികൾ ഉണ്ടാക്കിയത്. വായിച്ചുമനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക. ഇതൊക്കെ നടപ്പിൽ വരുത്തുമ്പോൾ അച്ഛനും അമ്മയും പഴഞ്ചനാണെന്ന പഴി കേൾക്കേണ്ടി വരാം.

അല്പം പണം ചിലവായേക്കാം, സാരമില്ല... പിന്നീട് 'മകൾ പോയേ' എന്നു വിലപിക്കേണ്ടി വരില്ല...

1. അത്യാവശ്യത്തിനല്ലാതെ മൊബൈൽ കൊടുക്കാതിരിക്കുക

2. സുഹൃത്തുക്കൾ വിളിക്കുമ്പോൾ നമ്മുടെ സാന്നിധ്യത്തിലല്ലാതെ സംസാരിക്കാൻ അനുവദിക്കാതിരിക്കുക.

3. വീട്ടിൽ ജോലിക്കുവരുന്നവരുണ്ടെങ്കിൽ അവർക്കുവേണ്ട ഭക്ഷണവും മറ്റും നിങ്ങൾ തന്നെ എത്തിച്ചു കൊടുക്കുക. അവരുമായുള്ള കുട്ടിയുടെ പെരുമാറ്റം നിരീക്ഷിക്കുക.

4. പരിചിതരും അപരിചിതരുമായ പുരുഷൻമാരോട് സംസാരിക്കേണ്ടി വരുമ്പോൾ ഗൗരവത്തിൽ തന്നെ സംസാരിക്കാൻ പഠിപ്പിക്കുക. ഇതിന് അമ്മയടക്കമുള്ള മറ്റ് മുതിർന്ന സ്ത്രീകൾ മാതൃകയായിരിക്കുക. നിങ്ങളുടെ മൃദുല ഭാഷ അന്യരുടെ മനസ്സിൽ വേണ്ടാത്ത ചിന്ത മുളപ്പിക്കും.

5. നിങ്ങളുടെ പെണ്മക്കളുടെ കൂട്ടുകാരികളോട് അമ്മമാർ ചങ്ങാത്തം കൂടുക.

6. മകൾക്ക് വേദപഠനം നിർബന്ധമാക്കുക. ദൈവവിശ്വാസത്തിലും ദേശസ്നേഹത്തിലും മാതൃകയായി ജീവിച്ച ധീരവനിതകളുടെ ചരിത്രങ്ങൾ പറഞ്ഞു കൊടുക്കുകയോ കേൾപ്പിക്കുകയോ ബുക്കുകൾ വാങ്ങി കൊടുക്കുകയോ ചെയ്യുക.

അവരെ ഇടയ്ക്കിടക്ക് അതുരാശ്രമങ്ങളിലും ഹോസ്പിറ്റലുകളിലെ അത്യാഹിത വാർഡുകൾ, പാലിയേറ്റീവ് സെൻററുകൾ ഇവ സന്ദർശിക്കുവാൻ കൊണ്ടു പോകുക

7. സ്കൂളിൽ നിന്നോ കോളജിൽ നിന്നോ ടൂർ പോകുവാൻ സമ്മതിക്കരുത്, പകരം നിങ്ങൾ ഫാമിലിയായി ടൂർ പോവുക.

ടൂർ എന്നത് ആഭാസം നിറഞ്ഞ ഒന്നായി മാറിയിരിക്കുന്നു... ആൺ പെൺ വ്യത്യാസമില്ലാതെ ഇടപഴകാനും ആഘോഷ തിമിർപ്പിൽ മദ്യവും മയക്കുമരുന്നുകളും ഉപയോഗിക്കുവാനും അവസരങ്ങൾ ലഭിക്കുന്നു.

8. മകളെ വീട്ടിൽ തനിച്ചാക്കാതിരിക്കുകയും കഴിയുന്നതും അവരെ തനിച്ച് കിടത്താതിരിക്കുകയും ചെയ്യുക. ഇവിടെയാണ് വീട്ടിലെ വല്യമ്മച്ചിമാരുടെ പ്രസക്തി.

9. മകൾ പഠിക്കുന്ന സ്ഥാപനങ്ങളും പോകുന്ന വഴികളും അവരറിഞ്ഞും അറിയാതെയും സന്ദർശിക്കുക

10. ഇത്തരം സ്ഥാപനങ്ങളിലെ സമയക്രമം അറിഞ്ഞിരിക്കുക (സ്പെഷ്യൽ ക്ലാസുള്ള ദിവസങ്ങൾ സ്ഥാപനങ്ങളിൽ വിളിച്ച് ഉറപ്പുവരുത്തുക)

11. മകളോട് സുഹൃത്തിനോടെന്നപോലെ പെരുമാറുക. എന്തും തുറന്ന് സംസാരിക്കാനുള്ള സ്വാതന്ത്ര്യം നിർമ്മിച്ചെടുക്കുക.

12. സ്നേഹവും കരുതലും 'പ്രകടിപ്പിക്കുക'. നിങ്ങളിൽ നിന്ന് അത് ലഭിക്കാതെ വരുമ്പോഴാണ് മറ്റ് ചതിക്കുഴികളിലേക്ക് അവർ ആകർഷിക്കപ്പെടുന്നത്.

13. തെറ്റുകളോട് മാന്യമായി പ്രതികരിക്കുക, തെറ്റുകൾ മനുഷ്യ സഹജമാണെന്നും ഇനി ആവർത്തിക്കപ്പെടാതെ ശ്രദ്ധിക്കണമെന്നതും വാൽസല്യത്തോടെ ഉപദേശിക്കുക.

14. ചെറിയ കാര്യങ്ങളിൽ പോലും അഭിനന്ദിക്കാനും പ്രശംസിക്കാനും മടി കാണിക്കരുത്.

('സുന്ദരിയായിട്ടുണ്ടല്ലോ...' തുടങ്ങിയ വാക്കുകൾ പറയാൻ മടിക്കണ്ട) നിങ്ങളത് ചെയ്യുന്നില്ലെങ്കിൽ വഴിയരികിലെ കഴുകൻമാരുടെ പ്രശംസയ്ക്ക് അവൾ പ്രാധാന്യം നൽകും.

15. വീടുകൾക്കുള്ളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചെടുക്കുക.

16. ഉപദേശിച്ചു നേരെയാക്കുന്നതിന് പകരം പ്രവർത്തിച്ചു കാണിച്ച് കൊടുക്കുക. അമിതമായ ഉപദേശം വിപരീത ഫലം ചെയ്യും.

17. പഠന സാമഗ്രികളും, ബാഗുകളും മറ്റും അവരറിഞ്ഞും അറിയാതെയും പരിശോധിക്കുക. നിങ്ങൾ മൊബൈൽ നൽകിയില്ലെങ്കിലും അവളുടെ കയ്യിൽ സുഹൃത്തുക്കൾ മുഖേന അത് എത്തിച്ചേരാം.

18. ലെഗ്ഗിൻസ് പോലെയുള്ള ഇറുകിയ വസ്ത്രങ്ങൾ ഒരു കാരണവശാലും മക്കൾക്ക് വാങ്ങിക്കൊടുക്കാതിരിക്കുക. കഴുകൻ കണ്ണുകളിൽ നിന്ന് ഒരു പരിധിവരെ സംരക്ഷണം ലഭിക്കും.

19. വിവാഹജീവിതത്തോടുള്ള ആഗ്രഹം അവരിൽ നിന്ന് നേരിട്ടോ സുഹൃത്തുകൾ മുഖേനയോ ചോദിച്ചറിയുക. വിവാഹത്തിനോട് താൽപര്യം തോന്നിത്തുടങ്ങിയെങ്കിൽ എത്രയും പെട്ടെന്ന് കാര്യങ്ങൾക്ക് തുടക്കം കുറിക്കുക (പഠനം വിവാഹശേഷവും മുഴുമിപ്പിക്കാം)

20. കൗമാരക്കാരിയായ മകൾ നിറങ്ങളുടെ ലോകത്താണ്. ചിരിച്ചും കളിച്ചും നിങ്ങളും ആ ലോകത്തിലുണ്ടെന്ന തോന്നൽ അവരിലുണ്ടാക്കുക.

– കടപ്പാട്

# നിന്റെ സ്വരം




ഒരുപാടു നല്ല സേവനങ്ങൾ ഉപഭോക്താവിന് നൽകുന്ന മൊബൈൽ കമ്പനികൾ ഉണ്ട്. ഓരോ കമ്പനികളും ഒന്നിനൊന്ന് മെച്ചം. പക്ഷെ ഒരു ആവശ്യത്തിനായ കസ്റ്റമർ സർവ്വീസിലേക്ക് വിളിക്കുമ്പോൾ 'press 1, press 2' അങ്ങനെയങ്ങനെ കേൾക്കാം.

ദൈവത്തിനും ഇതുപോലൊരു ആൻസർ യന്ത്രം ഉണ്ടെന്നിരിക്കട്ടെ.

പ്രാർത്ഥനകൾക്കായി 'press 1'

പശ്ചാത്താപത്തിനായി 'press 2'

നന്ദി അർപ്പിക്കാൻ 'press 3'

മറ്റുള്ളവക്കായി 'press 4'

മുൻപിലത്തെ മെനുവിൽ പോകുവാനായി 'press 0'

നാം ഇതിൽ 'press 1'അമർത്തുമ്പോൾ "Sorry, God is Busy now, please pray again later.....' കേൾക്കുന്നത് ഇങ്ങനെയാണെങ്കിൽ നാം എന്ത് ചെയ്യുമായിരുന്നു..? ചിന്തിക്കുക!

മൊബൈൽ കമ്പനികൾക്ക് നാം വെറുമൊരു ഉപഭോക്താവ് മാത്രമാണ്. എന്നാൽ ദൈവത്തിന് നാം സ്വന്തം ജനമാണ്. കാരണം നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ സ്വന്തം പുത്രനെ ആദരിക്കാതെ നമുക്കായി നൽകിയ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മെ സ്നേഹിക്കുന്നു. എത്ര തിരക്കായാലും മക്കളുടെ വിളി കേൾക്കുമ്പോൾ തിരക്ക് മാറ്റിവെക്കുന്നത് ഭൂമിയിലെ മാതാപിതാക്കൾ ചെയ്യുന്നതെങ്കിൽ സ്വർഗസ്ഥനായ നമ്മുടെ പിതാവ് നമ്മുടെ സ്വരം ഒന്ന് കേൾക്കുവാൻ എത്ര വാഞ്ചിക്കുന്നു.....?

എപ്പോൾ വേണമെങ്കിലും എവിടെ ഇരുന്ന് പ്രാർത്ഥിച്ചാലും കേൾക്കുന്ന നമ്മുടെ ദൈവത്തിന്റെ ആ മഹാകാരുണ്യം നാം മറന്നു പോകരുത്.

നീ തെരുവിൽ ജീവിതം നയിച്ചാലും പുരുഷാരം എത്ര തിക്കിത്തിരക്കിയാലും നിന്റെ സ്വരം ആരെല്ലാം അടിച്ചമർത്തിയാലും ദാവീദ് പുത്രാ.... മനസ്സലിയണമേ..... എന്ന് മനസ്സുരുക്കി പ്രാർത്ഥിച്ചാൽ അവൻ കേൾക്കും, നിന്റെ ശബ്ദം തിരിച്ചറിയും, നിന്നെ അവൻ സൗഖ്യമാക്കും. വിടുവിക്കും!

നിന്റെ വിളി കേട്ടിട്ടും കേൾക്കാതെ പോകുന്നവനല്ല നമ്മുടെ ദൈവം, നിന്റെ വിളി കേൾക്കുമ്പോൾ നിന്റെ അരികിൽ എത്തുന്നവനാണ് നമ്മുടെ ദൈവം. അവന്റെ ചെവി നമ്മുടെ സ്വരത്തിനായി സദാ തുറന്നിരിക്കുന്നു.

**വാൽക്കഷണം:**

*പ്രസംഗിക്കുന്നവനെ ലോകം അറിയുമ്പോൾ പ്രാർത്ഥിക്കുന്നവനെ ദൈവം അറിയുന്നു!*




# പാസ്റ്റേഴ്സ് എൻറിച്ച്മെൻറ് പ്രോഗ്രാം സമാപിച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരള സ്റ്റേറ്റിലെ ശുശ്രുഷകർക്കായി ആരംഭിച്ച പാസ്റ്റേഴ്സ് എന്റിച്ച്മെന്റ് കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ ഗ്രാഡുവേഷൻ മുളക്കുഴയിൽ നടന്നു. ബൈബിൾ സ്കൂൾ പ്രിൻസിപ്പാൾ പാസ്റ്റർ ഷിബു കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഗ്രാഡുവേഷൻ യോഗത്തിൽ ഓവർസിയർ പാസ്റ്റർ സി.സി. തോമസ് മുഖ്യ സന്ദേശം നല്കി. പാസ്റ്റർ ജോൺസൻ ദാനിയേൽ പ്രസംഗിച്ചു. ഏഷ്യാ പസഫിക് ഫീൽഡ് ഡയറക്ടർ ബിഷപ്പ് ആൻഡ്രു ബിൻഡ സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്ത് ഗ്രാഡുവേറ്റ്സിനെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. ക്ലാസ്സുകൾ ഓഗസ്റ്റ് ആദ്യ ആഴ്ചയിൽ ആരംഭിച്ചു. രണ്ട് മാസത്തെ ക്ലാസ്സുകളാണ് ക്രമീകരിച്ചത്.

ബൈബിൾ കോളേജുകളിൽ പഠിക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്ത ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകന്മാർക്ക് വേണ്ടി നടത്തിയതാണ് ഈ കോഴ്സ്. യോഗത്തിൽ പാസ്റ്റർമാരായ വി പി തോമസ്, ക്രിസ്റ്റഫർ റ്റി. രാജു, പി ആർ ബേബി, എ.റ്റി. ജോസഫ്, സാംകുട്ടി മാത്യു, ഫിന്നി ജോസഫ്, സുഭാഷ് ആനാരി, എബി റ്റി. ജോയി, റ്റി.എ. ജോർജ്, ബ്ര. ജോസഫ് മറ്റത്തുകാല എന്നിവർ സംബന്ധിച്ചു.



## ഉപവാസ പ്രാർത്ഥന സമാപിച്ചു

ഗുജറാത്ത്: മെഹ്സാന ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15-21 വരെ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർമാരായ വർഗീസ് പി. ഏബ്രഹാം, ബിനു ഇളംപള്ളിൽ, ജോൺ സാമുവേൽ, ബാബു സാമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജെ.പി. വെണ്ണിക്കുളം നേതൃത്വം നൽകി.

# പാസ്റ്റർ ആർ. റസ്സാലത്തെ ആദരിച്ചു

ആര്യനാട്: അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും ഇറവൂർ എ. ജി. ചർച്ച് ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ ആർ. റസ്സാലത്തെ അറുപത് വർഷത്തെ സഭാശുശ്രൂഷ പൂർത്തിയാക്കിയതിനു അസംബ്ളീസ് ഓഫ് ഗോഡ് ആര്യനാട് സെക്ഷൻ ആദരിച്ചു. ഒക്ടോ. 7-ന് പറണ്ടോട് സഭയിൽ നടന്ന യോഗത്തിൽ അഖിലേന്ത്യ അസംബ്ളീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ ടി.ജെ. സാമുവൽ മെമന്റോ നൽകി. പാസ്റ്റർ ആർ. റസ്സാലം മറുപടി പ്രസംഗം നടത്തി. സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ സ്റ്റ്യുവർട്ട് ടി.എസ്. അദ്ധ്യക്ഷതവഹിച്ചു. പാസ്റ്റർമാരായ എൻ. ക്രിസ്തുദാസ്, പി.കെ. ജോസ്, പി.കെ. യേശുദാസ്, ഡി.ശലോമോൻ, എ. സഹായദാസ്, ഡി. കുഞ്ഞുമോൻ തുടങ്ങിയർ ആശംസയറിയിച്ചു. വിവിധ സഭകളുടെയും സംഘടനകളുടെയും പുത്രിക സംഘടനകളുടെയും മെമന്റോസ് തദവസരത്തിൽ സമ്മാനിച്ചു. പാസ്റ്റർ റോബർട്ട് മോഫറ്റ് സ്വാഗതം പറഞ്ഞു.

1961-ൽ സഭശുശ്രൂഷയിൽ പ്രവേശിച്ച പാസ്റ്റർ റസ്സാലം പറണ്ടോട്, ആര്യനാട്, ഇറവൂർ എന്നി സഭകളിലാണ് സേവനം അനുഷ്ഠിച്ചത്. എ. ജി. ദക്ഷിണ മേഖല ഡയറക്ടർ, നെടുമങ്ങാട്-ആര്യനാട് സെക്ഷനുകളുടെ പ്രസ്ബിറ്റർ, എ.ജി മലയാളം ഡിസ്ട്രിക്ട് കമ്മിറ്റി അംഗം ആദിയായ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സഭശുശ്രൂഷയിൽ നിന്നും വിരമിച്ചെങ്കിലും സുവിശേഷപ്രവർത്തനങ്ങളിൽ തുടരുമെന്ന് പാസ്റ്റർ റസ്സാലം പറഞ്ഞു.

## സംയുക്ത ആരാധന

ഷാർജ: അസംബിസ് ഓഫ് ഗോഡ് യുഎഇ റീജിയൻ മലയാളം ഫെലോഷിപ് സംയുക്ത ആരാധന നവംബർ 16 നു യൂണിയൻ ചർച്ച് മെയിൻ ഹാളിൽ നടക്കും. രാവിലെ 10:30 മുതൽ 2 വരെ നടക്കുന്ന ആരാധനയിൽ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗീവർഗീസ് ജോൺ അധ്യക്ഷത വഹിക്കും. ഏജി മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ പി.എസ്. ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തും. റീജിയണിലെ വിവിധ സഭകളിൽ നിന്നായി 1200ഓളം വിശ്വാസികൾ പങ്കെടുക്കും. സെക്രട്ടറി ടോം ജോർജ്, ട്രഷറർ തോമസ് മാത്യു , മിഷൻ കോർഡിനേറ്റർ ജോൺ ജോർജ് എന്നിവർ നേതൃത്വം നൽകും.

ജെയ്മോൻ ചീരൻ

# അസംബ്ളീസ് ഓഫ് ഗോഡ് ദക്ഷിണ മേഖല കൺവൻഷൻ നവം.29 മുതൽ

**തിരുവനന്തപുരം:** അസംബ്ളീസ് ഓഫ് ഗോഡ് ദക്ഷിണ മേഖല കൺവെൻഷൻ നവം. 29 മുതൽ ഡിസം. 2 വരെ ബാലരാമപുരം സെന്റ് സെബാസ്റ്റ്യൻസ് ഓഡിറ്റോറിയത്തോട് ചേർന്നുള്ള മൈതാനത്തിൽ നടക്കും. അസംബ്ളീസ് ഓഫ് ഗോഡ് ദക്ഷിണ മേഖല ഡയറക്ടർ പാസ്റ്റർ കെ.വൈ.വിൽഫ്രഡ് രാജ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. റവ. ഡോ. പി.എസ്. ഫിലിപ്പ്, പാസ്റ്റർ രാജു മേത്ര, പാസ്റ്റർ റെജി ശാസ്താംകോട്ട, പാസ്റ്റർ ഷാജി യോഹന്നാൻ എന്നിവരാണ് മുഖ്യപ്രഭാഷകർ. പകൾ യോഗങ്ങളിൽ പാസ്റ്റർ ടി.വി.പൗലൊസ്, പാസ്റ്റർ എ. രാജൻ, പാസ്റ്റർ സുഭാഷ് കുമരകം, പാസ്റ്റർ ഡി. ജോയി, പാസ്റ്റർ സാബുകുമാർ, പാസ്റ്റർ എ. ടി. തങ്കച്ചൻ, പാസ്റ്റർ പി. കെ. യേശുദാസ് തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റേഴ്സ് ഫാമിലി സെമിനാർ, കൂട്ടായ്മയോഗം, മിഷൻചലഞ്ച്, ധ്യാനയോഗം, പവ്വർമീറ്റിംഗ്, വിവിധ പുത്രിക സംഘടനകളുടെ സമ്മേളനങ്ങൾ എന്നിവ നടക്കും.

പാസ്റ്റർ എ. രാജൻ (രക്ഷാധികാരി), പാസ്റ്റർ കെ.വൈ. വിൽഫ്രഡ് രാജ് (ചെയർമാൻ), പാസ്റ്റർ സനൽകുമാർ ആർ. (സെക്രട്ടറി), പാസ്റ്റർ ബിജു ദാനം (ട്രഷറർ) പാസ്റ്റർ ജെസ്റ്റിൻ ജോസ് (ജനറൽ കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചു. നവം. 29 നു രാവിലെ 9 മണിക്ക് ആരംഭിക്കുന്ന യോഗങ്ങൾ ഡിസം. 2 ഞായറാഴ്ച നടക്കുന്ന പൊതുസഭായോഗത്തോടെ സമാപിക്കും.

-ഡി. കുഞ്ഞുമോൻ

**വരിസംഖ്യ കുടിശ്ശികയുള്ളവർ ദയവായി എത്രയും വേഗം അടച്ചു സഹകരിക്കുക.**

# ഓർഡിനേഷൻ നല്കി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് 28 ശുശ്രൂഷകന്മാർക്ക് ഓർഡിനേഷൻ നല്കി ഓർഡൈയ്ൻഡ് ബിഷപ്പ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 40 ശുശ്രൂഷകൻമാർക്ക് ഓർഡൈൻഡ് മിനിസ്റ്റർ പദവിയും ലഭിച്ചു. ക്രെഡൻഷ്യൽ ബോർഡ് ഡയറക്ടർ പാസ്റ്റർ ക്രിസ്റ്റഫർ റ്റി രാജുവിൻറെ നേതൃത്വത്തിൽ നടന്ന യോഗത്തിന് ഓവർസിയർ പാസ്റ്റർ സി സി തോമസ് അദ്ധ്യക്ഷത വഹിച്ചു. ഏഷ്യാ പസഫിക് ഫീൽഡ് ഡയറക്ടർ ബിഷപ്പ് ആൻഡ്രു ബിൻഡാ അന്താരാഷ്ട്ര ദൈവസഭയുടെ അംഗീകാര പത്രമായ ഓർഡിനേഷൻ സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്ത് അവർക്കായി പ്രാർത്ഥിച്ചു. സ്റ്റേറ്റ് കൗൺസിലിനെ പ്രതിനിധികരിച്ച് പാസ്റ്റർ ജെ ജോസഫ്, പാസ്റ്റർ ഷിബു കെ മാത്യു, പാസ്റ്റർ സാംകുട്ടി മാത്യു, പാസ്റ്റർ ജോസ് മല്ലശ്ശേരി വിശ്വാസ സമൂഹത്തെ പ്രതിനിധികരിച്ച് ബ്രദർ ജോസഫ് മറ്റത്തു കാലാ എന്നിവർ ആശംസ അറിയിച്ചു. പാസ്റ്റർമാരായ റ്റി എ ജോർജ്, കെ എ ഉമ്മൻ, ജോസ് മല്ലശ്ശേരി, ജോൺസൻ ദാനിയേൽ, വിനോദ് ജേക്കബ്, പി സി ചെറിയാൻ, സാംകുട്ടി മാത്യു, എ റ്റി ജോസഫ്, പി എ ജെറാൾഡ്, വി പി തോമസ്, സജി ജോർജ്, എബി റ്റി ജോയി, സണ്ണി പി ശാമുവേൽ എന്നിവരും കേരളത്തിൻറെ വിവിധയിടങ്ങളിൽ നിന്നും അനേക ദൈവദാസന്മാരും വിശ്വാസികളും പങ്കെടുത്തു.

## ദുരിതാശ്വാസ സഹായം വിതരണം ചെയ്തു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് തിരുവനന്തപുരം ഡിസ്ട്രിക്ടിലെ പാസ്റ്റർ വിനോദ് ജേക്കബ് ശുശ്രൂഷിക്കുന്ന പട്ടം സഭ ജലപ്രളയത്തിൽ ദുരിതം അനുഭവിച്ച മൂന്നു സഭകൾക്ക് നല്കിയ ധനസഹായ വിതരണം ഓവർസിയർ പാസ്റ്റർ സി. സി തോമസ് നിർവ്വഹിച്ചു. കേരളം നേരിട്ട കനത്ത പ്രളയത്തിൽ വലിയ നാശനഷ്ടങ്ങൾ സംഭവിച്ച സഭകളായ പാസ്റ്റർ ലിജു ദാനിയേൽ ശുശ്രൂഷിക്കുന്ന ഇടനാട്, പാസ്റ്റർ എം.എം.വർഗിസ് ശുശ്രൂഷിക്കുന്ന നെടുമുടി, പാസ്റ്റർ റ്റി. പി മാത്യു ശുശ്രൂഷിക്കുന്ന ചപ്പാത്ത് എന്നി സഭകൾക്കാണ് ധന സഹായം ലഭ്യമായത്. പട്ടം സഭയെ പ്രതിനിധികരിച്ച് തോമസ് കലൂർ, കൗൺസിൽ അംഗം പാസ്റ്റർ കെ. ജി ജോൺ, മീഡിയാ ഡയറക്ടർ പാസ്റ്റർ സാംകുട്ടി മാത്യു, സെക്രട്ടറി ഷൈജു തോമസ് തുടങ്ങി അനേക ദൈവദാസന്മാർ സന്നിഹിതനായിരുന്നു.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് തെക്കൻ മേഖല ഉദ്ഘാടനം ചെയ്തു

**വലിയതുറ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് തെക്കൻ മേഖലയുടെ ഉദ്ഘാടനം മേഖലാ ഡയറക്ടർ പാസ്റ്റർ ജോസ് ബേബിയുടെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 10 ന് വലിയതുറ ദൈവസഭാ ഹാളിൽ നടന്ന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ സി.സി തോമസ് നിർവ്വഹിക്കുകയും ഭാരവാഹികൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. മേഖലാ സെക്രട്ടറി പോൾ രാജ് സ്വാഗതം ആശംസിച്ചു.പാസ്റ്റർമാരായ ഡോക്ടർ ഷിബു കെ മാത്യു. എ.റ്റി ജോസഫ്, വിനോദ് ജേക്കബ്, വൈ ജോസ്, പി. എ ജെറാൾഡ് ,ക്രിസ്റ്റഫർ റ്റി രാജു ,എബി റ്റി ജോയി ,സാംകുട്ടി മാത്യു ,ജോസ് ബേബി (ജൂണിയർ ) രാജീവ് സേവ്യർ ,ഈപ്പച്ചൻ തോമസ് ,ഡി ആമോസ്, വി. എൽ ക്രിസ്റ്റഫർ ,വി. എം മാത്യു, ബാബു മാത്യു, സന്തോഷ് തുടങ്ങിയവർ പ്രസംഗിച്ചു. ബ്രദർ അലൻ ഫിലിപ്പ് നന്ദി അറിയിച്ചു.



## എഴുത്തുകാരെ പരിപോഷിപ്പിക്കണം: കെ.എൻ. റസ്സൽ

**നെടുമ്പാശ്ശേരി** : എഴുത്തുകാരെ പരിപോഷിപ്പിക്കേണ്ടതിനും പുതിയ എഴുത്തുകാരെ രൂപപ്പെടുത്തുന്നതിനുമുള്ള കർമ്മപദ്ധതികൾ അനിവാര്യമാണെന്ന് കെ.എൻ.റസ്സൽ പ്രസ്താവിച്ചു. ഒക്ടോ.22-നു നെടുമ്പാശ്ശേരി എ. ജി. ഫെലോഷിപ്പ് സെന്ററിൽ നടന്ന അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷന്റെ ഐ.ഡി. കാർഡ് വിതരണോദ്ഘാടനം നിർവ്വഹിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അടുത്ത തലമുറയിലും എഴുത്തിനെ ഗൗരവമായി കാണുന്നവർ ഉണ്ടാകണം. ശില്പശാലകൾ സംഘടിപ്പിക്കണം. വിദ്യാഭ്യാസ മേഖലയിലും ജീവകാരുണ്യ രംഗത്തും ശ്രദ്ധ ചെലുത്തണം. വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് മുതലായ തലങ്ങളിലേക്ക് മാർഗ്ഗദർശനം നൽകുന്ന കാര്യപരിപാടികൾക്ക് ആഭിമുഖ്യം വഹിക്കാൻ എ.ജി. മീഡിയ അസോസിയേഷൻ തയ്യാറകണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡി. കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറിമാരായ പാസ്റ്റർ ടി.വി.ജോർജുകുട്ടി, പാസ്റ്റർ സജി ചെറിയാൻ എന്നിവർ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ പോൾ മാള സ്വാഗതവും അഡ്വൈസർ പാസ്റ്റർ ബാബു ജോർജ് പത്തനാപുരം കൃതജ്ഞതയും പറഞ്ഞു.



# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സൗത്ത് മലബാർ മേഖല ഉദ്ഘാടനം ചെയ്തു

**തൃശൂർ:** ഒക്ടോബർ 4 ന് തൃശൂർ ദൈവസഭാ ഹാളിൽ ക്രഡൻഷ്യൽ ബോർഡ് ഡയറക്ടർ പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി.സി തോമസ് സൗത്ത് മലബാർ മേഖലയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ഔദ്യോഗിക ചുമതലക്കാരെ പ്രാർത്ഥിച്ച് നിയോഗിക്കുകയും ചെയ്തു. മേഖലാ ഡയറക്ടർ പാസ്റ്റർ ജോൺ ജോസഫ് സ്വാഗതം ആശംസിച്ചു. സണ്ടേസ്കൂൾ ഡയറക്ടർ പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർമാരായ ഏ. ജോൺ മത്തായി, ജോൺസൻ ജോർജ്, സാംകുട്ടി മാത്യു, വൈ. ജോസ്, എബി റ്റി. ജോയി ഡോ. ഷിബു കെ. മാത്യു, ബെൻസ് ഏബ്രഹാം മേഖലാ സെക്രട്ടറി ബ്രദർ മാത്യു, കെ.വി. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. മേഖലാ കോർഡിനേറ്റർ പാസ്റ്റർ ജോസ് ബേബി നന്ദി അറിയിച്ചു.



# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് നോർത്ത് മലബാർ മേഖല ഉദ്ഘാടനം ചെയ്തു

കണ്ണൂർ: ഒക്ടോബർ 5 ന് കണ്ണൂർ പരിയാരം മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ പാസ്റ്റർ ജോൺസൻ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി.സി. തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോർഡിനേറ്റർ പാസ്റ്റർ പി.വി. മാത്യു സ്വാഗതം ആശംസിച്ചു. പാസ്റ്റർമാരായ ഡെന്നീസ് വർഗീസ്, വി.റ്റി. ഏബ്രഹാം, ഷിജു മത്തായി, സാംകുട്ടി മാത്യു, ക്രിസ്റ്റഫർ റ്റി. രാജു, പാപ്പച്ചൻ ഒഴുമണ്ണിൽ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺസൻ ജോർജ്ജ് (ഡയറക്ടർ) പാസ്റ്റർ പി.വി. മാത്യു (കോർഡിനേറ്റർ) ബ്രദർ എം.എം ഏബ്രഹാം (ട്രഷറർ) പാസ്റ്റർമാരായ വി.റ്റി. ഏബ്രഹാം, ജയ്സൻ തോമസ്, ബിനു കെ. ചെറിയാൻ, സി.ഐ. തോമസ്, കെ.വി. മാത്യു, കുര്യൻ ഈപ്പൻ, ബിജു തോമസ്, ജോബി ഇ.റ്റി., അജി സി. തമ്പി, ബിനോയ് എം. (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു. സ്റ്റേറ്റ് ഓവർസിയർ ഭാരവാഹികളെ പ്രാർത്ഥിച്ച് നിയോഗിച്ചു.

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് തീരദേശ മേഖല ഉദ്ഘാടനം ചെയ്തു

**ചേപ്പാട്:** ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് തീരദേശ മേഖലയുടെ ഉദ്ഘാടനം ചേപ്പാട് ദൈവസഭ ഹാളിൽ റവ. സി. സി തോമസ് നിർവഹിച്ചു. മേഖല ഡയറക്ടർ പാസ്റ്റർ തോമസ് എം. പുളിവേലി അദ്ധ്യക്ഷത വഹിച്ചു. റവ. ആൻഡ്രു ബിൻഡ മുഖ്യ സന്ദേശം നൽകി. ചാർളി വർഗീസ് സ്വാഗതം പറഞ്ഞു. വിവിധ ഡിപ്പാർട്ടുമെന്റുകളെ പ്രതിനിധികരിച്ച് റവ. ഡോ. ഷിബു കെ മാത്യു, പാസ്റ്റർ എ. റ്റി ജോസഫ്, പാസ്റ്റർ സാംകുട്ടി മാത്യു, ക്രിസ്റ്റഫർ റ്റി. രാജു, തോമസ്കുട്ടി ഏബ്രഹാം, ഷിജു മത്തായി, കെ.ജി. ജോൺ എന്നിവർ ആശംസ അറിയിച്ചു. പാസ്റ്റർ ബെൻസ് ഏബ്രഹാം കൃതജ്ഞത പറഞ്ഞു.

## ക്രിസ്തുവിന്റെ ഭരണം

(2-ാം പേജ് തുടർച്ച)

എന്നിവരെ രാജാവ് ഉന്നത പദവിയിലേക്ക് ഉയർത്തുകയും ചെയ്തു.

ദൈവം നമ്മെ പരീക്ഷിക്കുമ്പോൾ നാം നമ്മുടെ വിശ്വസ്തത തെളിയിക്കണം:"മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവ കിരീടം നിനക്കു തരും." (വെളി. 2:10)

എ.ഡി. 347-497 കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഗ്രീക്ക് സഭാ പിതാവായ ജോൺ ക്രിസ്റ്റോസം ചക്രവർത്തിയുടെ ഭീഷണിയെ ധൈര്യപൂർവ്വം നേരിട്ട ഭക്തനായിരുന്നു. ക്രിസ്റ്റോസം തന്റെ വിശ്വാസം മുറുകെപ്പിടിച്ചു.

**ഒരു രാജാവിന്റെ വ്യക്തിപരമായ കത്ത്**

ദാനിയേലിന്റെ പുസ്തകം നാലാമദ്ധ്യായം നെബൂഖദ്നേസർ എഴുതിയ ബാബിലോണിയൻ രേഖയാണ്. എവിടെനിന്നും എവിടേയ്ക്ക് ദൈവം തന്നെ കൊണ്ടുപോയി എന്നു വിവരിക്കുന്ന വ്യക്തിപരമായ സാക്ഷ്യത്തിന്റെ രേഖ. നെബൂഖദ്നേസർ സമ്പൂർണ്ണ സമൃദ്ധിയുള്ളവനായിരുന്നു. ധാരാളം സമ്പത്തുണ്ടായിരുന്ന രാജാവ് യുദ്ധ ഭീഷണിയില്ലാതിരുന്നതിനാൽ നിർഭയനായി ജീവിച്ചു. തന്റെ പ്രിയതമയുടെ സന്തോഷത്തിനായി നിർമ്മിച്ച തൂങ്ങുന്ന പൂന്തോട്ടം (Hanging Garden) പുരാതനകാലത്തെ അത്ഭുതങ്ങളിലൊന്നായിരുന്നു.

നെബൂഖദ്നേസർ വീണ്ടും ഒരു സ്വപ്നം കണ്ടു. പഴയ സ്വപ്നം തന്നെ ശല്യപ്പെടുത്തി. മന്ത്രവാദികളും ആഭിചാരകന്മാരും ശകുനവാദികളും ആയവരെ സ്വപ്ന വ്യാഖ്യാനത്തിനായി വിളിച്ചു വരുത്തി.

## ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ

(1-ാം പേജ് തുടർച്ച)

തോമസ് കൺവൻഷൻ ഉത്ഘാടനം ചെയ്യും. എല്ലാ ദിവസവും വൈകിട്ട് പൊതുയോഗം ഉണ്ടായിരിക്കും. വൈ.പി.ഇ., സൺഡേസ് കൂൾ, എൽ.എം. സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, മിഷൻ സമ്മേളനങ്ങൾ, പാസ്റ്റേഴ്സ് കോൺഫ്രൻസ് തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രോഗ്രാമുകൾ ഉണ്ടായിരിക്കും. എല്ലാ ദിവസവും ഭക്ഷണക്രമീകരണവും ഉണ്ടായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള അനേക ദൈവദാസന്മാർ ഈ കൺവൻഷനിൽ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. റവ. സി.സി. തോമസ് ജനറൽ കൺവീനറായി വിപുലമായ ക്രമീകരണങ്ങളാണ് നടക്കുന്നത്.

## ആഗ്രയിൽ ആക്രമണം

(1-ാം പേജ് തുടർച്ച)

സിസ്റ്റവും അക്രമികൾ പൂർണമായും നശിപ്പിച്ചു. ആഗ്രയിലെ ക്രിസ്തീയ പ്രവർത്തനങ്ങളെയും പ്രത്യേകിച്ച് ഈ ദിവസങ്ങളിൽ ക്രൈസ്തവർക്കെതിരായി ഉത്തരേന്ത്യയിൽ വ്യാപകമായി നടക്കുന്ന ആക്രമണങ്ങൾക്കെതിരെ ദൈവജനം ശക്തമായി പ്രാർഥിക്കണം. ഇങ്ങനെയുള്ള വിഷയങ്ങളിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ ഉണ്ടാകാനും ആരാധന സ്വാതന്ത്ര്യം ലഭിക്കാൻ നിയമനടപടികൾ ഉണ്ടാകേണ്ടതിനും വേണ്ടി നാം പ്രത്യേകം പ്രാർഥിക്കണം.

## നിത്യതയിൽ



**പി.എ. ആന്റണി**

കട്ടപ്പന ചപ്പാത്ത്: ഹൈറേഞ്ചിലെ ആദ്യകാല പെന്തെക്കോസതു വിശ്വാസികളിൽ ഒരാളായിരുന്ന കരുന്തരുവി പുത്തൻപുരയ്ക്കൽ പി. എം. ആന്റണി (93) നിത്യതയിൽ ചേർക്കപ്പെട്ടു. ആറു ദശകങ്ങളിൽ അധികമായി ഹൈറേഞ്ചിന്റെ വിവിധ ഇടങ്ങളിൽ ദൈവസഭയുടെ പ്രവർത്തനങ്ങൾക്കും, വളർച്ചക്കും, പ്രദേശത്തെ നിരവധി സഭകൾ സ്ഥാപിക്കുന്നതിലും നേതൃത്വം വഹിച്ചിട്ടുണ്ട്. ഹൈറേഞ്ച് ഗോസ്പൽ ടീം സ്ഥാപക പ്രസിഡന്റും, ചപ്പാത്ത് ഇന്ത്യ പൂർണ സുവിശേഷ ദൈവസഭാംഗവുമാണ്. സംസ്കാരം ഒക്ടോബർ 16ന് ചപ്പാത്ത് ചർച്ച് ഓഫ് ഗോഡ് സഭാസെമിത്തേരിയിൽ പാസ്റ്റർ പി. ജെ. ജയിംസ് നിർവഹിച്ചു.

ഭാര്യ: മാലം തൊട്ടിയിൽ പരേതയായ മറിയാമ്മ ആന്റണി. മക്കൾ: മോളി, മേരി, പാസ്റ്റർ ജോസ് പി. ആന്റണി (ഐപിസി ന്യൂപൻവേൽ), സണ്ണി, മോനമ്മ, ജെസ്സി, മിനി, ബ്ലസ്സി, സിനി. മരുമക്കൾ: കുഞ്ഞച്ചൻ തട്ടാരത്ത്, അച്ചൻകുഞ്ഞ് കുറ്റിപ്പുറത്ത്, ഗ്രേസി, മോളി, ജോസ് കൊരട്ടിയിൽ, പാസ്റ്റർ ഷാജി ജോസഫ് (ഐപിസി ബാംഗ്ലൂർ), പാസ്റ്റർ റ്റി. എ. എബ്രഹാം തച്ചിരിക്കൽ (സിഎഫ്ഐ ചണ്ഡീഗഡ്), പാസ്റ്റർ അനി ചാക്കോ ചാലാശ്ശേരിയിൽ (സിജി ഒരവയ്ക്കൽ), കൊച്ചുമോൻ തോപ്പിൽ.



## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# അരനൂറ്റാണ്ടിന്റെ അനുഭവസമ്പത്തുമായി പാസ്റ്റർ റ്റി.കെ. ജോസഫ് ഗുജറാത്തിൽ

സുവിശേഷത്തിന്റെ ദീപശിഖയുമേന്തി വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ കുടിയേറി, കഷ്ടതയുടെ കൈപ്പുനീർ മധുപോലെ നുകർന്ന് സുവിശേഷത്തിന്റെ വ്യാപ്തിക്കുവേണ്ടി നിലകൊണ്ട് പ്രതികൂലങ്ങളെ അതിജീവിച്ച ക്രൈസ്തവഭക്തന്മാരുടെ ചരിത്രത്തിൽ, ഗുജറാത്തിലെ ഏറ്റവും സീനിയറായ ദൈവദാസനാണ് റവ. റ്റി.കെ. ജോസഫ്. ഇറ്റാർസി കേന്ദ്രമായി പ്രവർത്തിക്കുന്ന ഫെലോഷിപ്പ് ചർച്ചിന്റെ ജനറൽ സെക്രട്ടറിയായി കഴിഞ്ഞ 35 വർഷമായി തുടരുന്നു. ഗുജറാത്തിലെ രാജ്കോട്ടിൽ എത്തിയിട്ട് അൻപതുവർഷം പിന്നിട്ടു. നാഥൻ നടത്തിയ വഴികളിലേക്കു തിരിഞ്ഞുനോക്കുന്നത് മുൻപോട്ടുള്ള യാത്രയ്ക്ക് ഊർജം വർധിപ്പിക്കുകയാണ്. കഴിഞ്ഞദിവസം രാജ്കോട്ട് സിഎൻഐ സ്കൂൾ കോമ്പൗണ്ടിൽവെച്ച് നടത്തപ്പെട്ട കൺവൻഷനും അതിനോടനുബന്ധിച്ചുള്ള താങ്ക്സ് ഗിവിംഗ് മീറ്റിംഗും രാജ്കോട്ടുള്ള സഭാസംഘടനാ വ്യത്യാസമില്ലാതെ എല്ലാവരും ഒരു ആഘോഷമാക്കിത്തീർത്തു. ഒരു മനുഷ്യയുസ്സിൽ അരനൂറ്റാണ്ട് സുവിശേഷവേല വടക്കെ ഇന്ത്യയിൽ ചെയ്യുന്നത് ശ്രദ്ധേയമാണ്. മൂന്നോ നാലോ വർഷം ഒരു സഭയിലിരുന്ന് സ്ഥലംമാറ്റംവാങ്ങി അടുത്ത മേച്ചിൽപ്പുറം നേടുന്നവർക്ക്, ഒരു സഭയിൽതന്നെ അൻപതുവർഷം പിന്നിടുക എന്നത് ഒരു ചരിത്രസംഭവം തന്നെയാണ്. ആവർത്തനവിരസത ഇല്ലാത്ത പ്രസംഗം. അതുമാത്രം ചിന്തിച്ചാൽ മതിയല്ലോ സങ്കീർണത മനസിലാക്കാൻ.

കോട്ടയം പുതുപ്പള്ളി തോണ്ടുകണ്ടത്തിൽ കുരുവിള-അന്നമ്മ ദമ്പതികളുടെ മകനായി 1946 മെയ് 12 നു ജനനം. കുഞ്ഞുമോൻ എന്നാണു വിളിപ്പേര്. ബ്രദറൻകാരായ മാതാപിതാക്കളെ അതിശയിപ്പിച്ചുകൊണ്ട് പത്തൊൻപതാം വയസ്സിൽ പെന്തെക്കോസ്ത് അനുഭവത്തിലേക്കു വന്ന്, സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. മണർകാട്ടുള്ള അപ്പൊസ്തലിക് ബൈബിൾസ്കൂളിലും വടവാതൂർ പി.എം. ഫിലിപ്പുസാറിന്റെ ശാലേമിലും ഇറ്റാർസിയിൽ ഡോ. കുര്യൻ തോമസിന്റെ സെൻട്രൽ ഇന്ത്യാ ബൈബിൾസ്കൂളിലും പഠനം പൂർത്തിയാക്കി. വിശ്വാസം മാത്രം കൈമുതലായി 1968 ൽ ഒക്ടോബറിൽ ഗുജറാത്തിലെ രാജ്കോട്ടിലെത്തി. സൗരാഷ്ട്രയിലെ ഏറ്റവും പ്രധാന പട്ടണമായ രാജ്കോട്ട് പ്രസിദ്ധമാണ്.

ജോലിതേടിവന്ന പ്രവാസികളായ മൂന്നാലു ചെറുപ്പക്കാർ ഒരുമിച്ചുകൂടി പ്രാർഥിക്കുന്ന ഒരു കൂട്ടായ്മ ഇവിടെയുണ്ടായിരുന്നു. ഇരുപത്തിരണ്ടുകാരനായ കുഞ്ഞുമോൻ ഓടിനടന്ന് സുവിശേഷം അറിയിച്ചു. പ്രവാസികളായ മലയാളികൾക്ക് കൂട്ടായ്മബന്ധം ഒരു അനുഗ്രഹമായിരുന്നു. പരസ്പര കൈത്താങ്ങലും പരിഗണനയും സഭയുടെ വളർച്ചയ്ക്കു കാരണമായി. പരിശുദ്ധാത്മാവിന്റെ ചലനം ജനങ്ങൾ തിരിച്ചറിഞ്ഞു. വെളിച്ചംകണ്ട ഈയാംപാറ്റകളെപ്പോലെ ജനങ്ങൾ ദൈവഭാഗത്തേക്കുവന്നു. ആരാധന നടത്തിയിരുന്ന ഇടുങ്ങിയ മുറിയിൽ ജനത്തെ ഉൾക്കൊള്ളാൻ കഴിയാതായി.

രാജ്കോട്ട് ജാംനഗർ റോഡിൽ ബമ്മേശ്വറിൽ ഒരു വീടുവിൽക്കാനുണ്ട്, എന്തോ ഭൂതബാധയുണ്ട് എന്നുപറഞ്ഞ് ആരും വാങ്ങാൻ തയ്യാറാകുന്നില്ല. ഏതായാലും അതു വാങ്ങാൻ തീരുമാനിച്ചു. 1971 ൽ സഭയ്ക്ക് സ്വന്തമായി സ്ഥലമായി. സഭാപ്രവർത്തനങ്ങളെ ദൈവം വിശാലതയിലേക്കു കൊണ്ടുവന്നു. പ്രവർത്തനങ്ങൾ രാജ്കോട്ടിൽ ഒതുങ്ങിനിൽക്കാൻ ഒതുങ്ങിനിൽക്കാൻ ദൈവം അനുവദിച്ചില്ല. വിവിധ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വെളിച്ചം പകരുകയും സഭകൾ ഉടലെടുക്കുകയും ചെയ്തു.

'ലൗ ഗുജറാത്ത്' എന്ന ടീംപ്രവർത്തനം ആരംഭിച്ചു. സെൻട്രൽ ഗുജറാത്തിലും പ്രവർത്തനം വ്യാപിച്ചു. ആനന്ദിനടുത്ത് സുനാവ് എന്ന സ്ഥലത്ത് ഒരു ആലിന്റെ ചുവട്ടിൽ കൺവൻഷൻ നടത്തി. ഇറ്റാർസിയിൽ നിന്നും പാസ്റ്റർ കുര്യൻ തോമസ് ആ മീറ്റിങ്ങിൽ പ്രസംഗിച്ചു. ഇന്ന് അവിടെ മനോഹരമായ ചർച്ചും സഭാപ്രവർത്തനവും ഉണ്ടെന്നു മാത്രമല്ല, തദ്ദേശവാസികളായ പതിനേഴുപേർ സുവിശേഷവേലക്കാരായുണ്ട്. രാജ്കോട്ട് സഭയിൽ നിന്നും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പതിനഞ്ചോളം പേർ സുവിശേഷകരായി പോയി എന്നതും എടുത്തുപറയേണ്ട സംഗതിയാണ്.

ഡ്യൂലോസ് മൊബൈൽ മിനിസ്ട്രി എന്ന പേരിൽ ഒരു പ്രവർത്തനം 1989 ൽ ആരംഭിക്കാൻ ഇടയായി. ജിഎഫ്എ സുവിശേഷപ്രവർത്തനത്തിനുവേണ്ടി ഒരു വാൻ നൽകി. വാഹനം ലഭിച്ചതോടെ പ്രവർത്തനം വീണ്ടും വിശാലമായി. ഗുജറാത്ത്, രാജസ്ഥാൻ മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വളർന്നു. ലൗ ഗുജറാത്ത് ഔട്ട് റീച്ച് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രവർത്തനമാണ് ഡ്യൂലോസ് മിനിസ്ട്രി എന്ന പേരിൽ രൂപമാറ്റംചെയ്ത് അറിയപ്പെട്ടിരുന്നത്. അഞ്ച് പൂർണസമയ സുവിശേഷകർ ടീമിനോടു ചേർന്ന് പ്രവർത്തിച്ചു. ഫിലിം മിനിസ്ട്രി മുഖാന്തരം ആദിവാസി വിഭാഗങ്ങളുടെ ഇടയിൽ അനേകർ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. ഈ പ്രവർത്തനം മൂലം തദ്ദേശവാസികളായ അനേക ചെറുപ്പക്കാർ സുവിശേഷവേലയ്ക്കായി ഇറങ്ങി. ഡാങ്ക്, സോൺഘട്ട്, വ്യാര, വൽസാട്, നവാപൂർഎന്നിവിടങ്ങളിൽ പ്രവർത്തനം വ്യാപിച്ചു. വിശ്രമമില്ലാത്ത ദിനങ്ങളായിരുന്നു ആ കാലഘട്ടം.

ബോംബെയിൽ സെൻട്രൽ ഗവ. ജോലിയുണ്ടായിരുന്ന ഏലിയാമ്മയുമായുള്ള വിവാഹം 1970 ൽ നടന്നു. ഐപിസി റാന്നി സെൻട്രൽ പാസ്റ്ററായിരുന്ന പരേതനായ തെക്കേതിൽ പാസ്റ്റർ റ്റി.എ. ജോർജിന്റെ സീമന്തപുത്രിയായിരുന്നു ഏലിയാമ്മ. ജോലി ഉപേക്ഷിച്ച് സുവിശേഷവേല തിരഞ്ഞെടുത്തത് ഒരിക്കലും അബദ്ധമായപ്പോയി എന്നു തോന്നിയിട്ടില്ല. മഹാരാജാവിന്റെ മുന്തിരിത്തോട്ടത്തിൽ ഭർത്താവുമൊത്ത് നാൽപത്തെട്ടു വർഷമായി ഗുജറാത്തിൽ. അഞ്ചു മക്കൾ. മകൻ ടൈറ്റസ് ജോസഫ് പിതാവിന്റെ ചുമതലകൾ ഏറ്റെടുത്ത് രാജ്കോട്ട് ചർച്ചിന്റെ അസോസിയേറ്റ് പാസ്റ്ററാണ്. പാസ്റ്റർ ടി.കെ. ജോസഫിനുവേണ്ടി പ്രാർഥിക്കാം.

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

Vol: 13 Issue No: 11 2018 November 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


## വാട്ട്സ്ആപ്പ് നുറുങ്ങുകൾ

## ജോർജ് സ്റ്റെന്നി ജെറിയുടെ ജീവിതം!

ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കൻ ഐക്യനാടുകളിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു ആഫ്രിക്കൻ വംശജനായ ജോർജ് സ്റ്റെന്നി ജെറി. വൈദ്യുതക്കസേരയിൽ വധശിക്ഷ നടപ്പാക്കിയപ്പോൾ അദ്ദേഹത്തിനു 14 വയസ്സേ ഉണ്ടായിരുന്നുള്ളൂ.

വെളുത്ത വംശജരായ 11 വയസുള്ള ബെറ്റിയുടെയും ഏഴു വയസ്സുള്ള മറിയയുടെയും മൃതദേഹങ്ങൾ വീടിന് സമീപം കണ്ടെത്തിയതായി ആരോപിച്ച് ഇയാളെ അറസ്റ്റ് ചെയ്യുകയായിരുന്നു.

വിചാരണയുടെ സമയത്തും, വധശിക്ഷയുടെ ദിവസത്തിൽ പോലും തന്റെ കുഞ്ഞികൈകളിൽ എപ്പോഴും ഒരു ബൈബിളിനെ നെഞ്ചോട് ചേർത്ത് വെച്ച്; കരഞ്ഞുകൊണ്ട് സ്റ്റെന്നി പറഞ്ഞിരുന്നു, ഞാൻ നിരപരാധിയാണെന്ന്!!

ജൂറിയിലെ എല്ലാ അംഗങ്ങളും, ആ സമയത്ത് വെളുത്തവരായിരുന്നു. കോടതിയിലെ വിചാരണ രണ്ടു മണിക്കൂർ നീണ്ടു നിന്നു. 10 മിനിറ്റ് കഴിഞ്ഞ് കോടതി സ്റ്റെന്നിനെ കുറ്റവാളിയായി മുദ്രകുത്തി വധശിക്ഷയ്ക്കു വിധിച്ചു. കുട്ടിയുടെ മാതാപിതാക്കൾ ഒച്ചവെച്ചു, അവരെ കോടതിമുറിയിൽ നിന്നും പുറത്താക്കി. തുടർന്ന് അവരെ ആ നഗരത്തിൽ നിന്നും പുറത്താക്കി.

ശിക്ഷ നടപ്പാക്കുന്നതിനു മുൻപ് കുഞ്ഞു ജോർജ് തന്റെ മാതാപിതാക്കളെ കാണാൻ കഴിയാതെ 81 ദിവസം ജയിലിൽ കണ്ണീരോടെ കഴിഞ്ഞു. തന്റെ പട്ടണത്തിൽ നിന്ന് 80 മൈൽ അകലെ; മാതാപിതാക്കളുടെയോ വക്കീലിന്റെയോ സാന്നിദ്ധ്യം ഇല്ലാതെ ഒറ്റയ്ക്കായിരുന്നു അത്.

1944 ജൂൺ 16നു പുലർച്ചെ സ്റ്റെന്നിന്റെ തലയിൽ 5,380 വോൾട്ട് വൈദ്യുതി കടത്തിവിട്ട് വധശിക്ഷ നടപ്പിലാക്കി. (ഒരു 14 വയസ്സുകാരന്റെ തലയിൽ ഇത്രയും വലിയ വോൾട്ടേജ് പ്രഹരം നൽകിയാലുള്ള അവസ്ഥ ഒന്ന് സങ്കൽപ്പിക്കുക.)

70 വർഷങ്ങൾക്കു ശേഷം, 2014 ൽ സ്റ്റെന്നിന്റെ നിരപരാധിത്വം തെക്കൻ കരോലിനയിലെ ഒരു ന്യായാധിപൻ തെളിയിച്ചു!! ജോർജ് സ്റ്റെന്നി ജെറി നിരപരാധിയായിരുന്നു!! മറ്റൊരാൾ തന്ത്രപൂർവ്വം സ്റ്റെന്നിനെ കുടുക്കുകയായിരുന്നു.

ഗുണപാഠം: ആരെങ്കിലും പറയുന്നത് കേട്ട്; ആരെയും കുറ്റം വിധിക്കരുത്!!



# നാഷണൽ പ്രെയർ മൂവ്മെന്റ് 'പ്രാർഥനയുടെ 50 ദിനങ്ങൾ' സമ്മേളനങ്ങൾ

കോട്ടയം: നാഷണൽ പ്രെയർ മൂവ്മെന്റിന്റെ ചുമതലയിൽ നവംബർ 16 -ജനുവരി 5 വരെ കേരളത്തിന്റെ വിവിധഭാഗങ്ങളിലായി 'പ്രാർഥനയുടെ 50 ദിനങ്ങൾ' സമ്മേളനങ്ങൾ നടക്കും. പ്രാർഥനയ്ക്കു തുടക്കംകുറിച്ചുകൊണ്ട് നവംബർ 16,17 തീയതികളിൽ മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ 20 മണിക്കൂർ പ്രാർഥനയും പ്രെയർക്യാംപും നടക്കും. ചെയർമാൻ ഡോ. കെ.വി. പോളും മറ്റു നേതാക്കന്മാരും പങ്കെടുക്കും. ലിവിംഗ് മ്യൂസിക്കും സുവി. ഡബ്ല്യൂ. റ്റി. ജേക്കബും ഗാനങ്ങൾ ആലപിക്കും.

ആഗോളവ്യാപകമായി ക്രൈസ്തവസഭകളുടെ ഉണർവിനും ഭാരതത്തിലെ സഭ നേരിടുന്ന പീഡകൾ, വെല്ലുവിളി എന്നിവ ഏറ്റെടുക്കാനുള്ള ശക്തിക്കായാണു പ്രാർഥന. കേരളത്തിന്റെ ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെട്ട ഏഴു കേന്ദ്രങ്ങളിൽ പ്രാർഥന നടക്കും. സംസ്ഥാനതലത്തിലുള്ള സമാപനസമ്മേളനം കണ്ണൂർ ഏജി ഹോളിലാണ്. പാസ്റ്റർ ഷാജി കുര്യൻ, ഇവാ. സാം സി. സാമുവേൽ, ഇവാ. ഡബ്ല്യൂ.റ്റി. ജേക്കബ്, ഇവാ. റ്റോം ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക്: 9446125936 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

# പ്രളയദുരിതബാധിതർക്കു കൈത്താങ്ങായി ഐപിസി ഹെബ്രോൻ ഡാളസ്

ഡാളസ്: പ്രളയദുരിതം ഏറ്റുവാങ്ങിയ ജനങ്ങൾക്കു സ്നേഹത്തിന്റെ സാന്ത്വനവുമായി ഐപിസി ഹെബ്രോൻസഭയുടെ സാമ്പത്തികസഹായം. സഭാവിശ്വാസികളിൽനിന്നു ശേഖരിച്ച 12 ലക്ഷംരൂപ ആലപ്പുഴ ജില്ലയിൽ കടലോരപ്രദേശത്തെ ജനങ്ങൾക്കും തിരുവല്ലയിലും സമീപപ്രദേശവാസികൾക്കും വീടുകളുടെ അറ്റകുറ്റപ്പണിക്കും വീട്ടുപകരണങ്ങൾക്കുമായിട്ടാണ് സാമ്പത്തികസഹായം ചെയ്തിരിക്കുന്നത്. സഭാഭരണസമിതിയുടെ തീരുമാനം അനുസരിച്ച് കുര്യൻ വർഗീസ് കേരളത്തിലെ വിവിധ ജില്ലകൾ സന്ദർശിച്ചാണ് അർഹതയുള്ളവരെ സഹായിക്കുന്നത്.

ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഐപിസി ഹെബ്രോൻസഭ എന്നും മുൻപന്തിയിലാണ്. കേരളത്തിൽ നേര്യമംഗലം, കർണാടക, ബീഹാർ, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിൽ പാവപ്പെട്ടജനങ്ങൾക്ക് ഭവനങ്ങൾ നിർമിച്ചുകൊടുക്കുന്നതിലും സാമ്പത്തികപരിമിതിമൂലം വിദ്യാഭ്യാസം തുടരാൻ കഴിയാത്തവരെ സാമ്പത്തികസഹായത്താൽ അവരുടെ ഭാവി ശോഭനമാക്കുന്നതിലും വഹിച്ചപങ്ക് പ്രവാസി പെന്തെക്കോസ്തുകാർക്ക് സന്തോഷം പ്രദാനം ചെയ്യുന്നതാണ്. സഭാപ്രസിഡന്റ് പാസ്റ്റർ വി.എ. വർഗീസിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ ജീവകാരുണ്യപ്രവർത്തനങ്ങൾക്കു നേതൃത്വംകൊടുക്കുന്നു. ഏബ്രഹാം പി. ഏബ്രഹാം സഭാസെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്നു.

# വൈപിഇ ജനറൽ ക്യാമ്പ് സിസംബർ 24 മുതൽ മുളക്കുഴയിൽ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് വൈ. പി. ഇ ജനറൽ ക്യാമ്പ് ഡിസംബർ 24 മുതൽ 26 വരെ മുളക്കുഴ സീയോൻകുന്ന് ആർ. എഫ് കുക്ക് കൺവൻഷൻ ഓഡിറ്റോറിയത്തിൽ നടക്കും. വൈ. പി. ഇ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ ഏ.റ്റി ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഇവാ. സാജു ജോൺ മാത്യു, പാസ്റ്റർ പ്രിൻസ് തോമസ് റാന്നി എന്നിവരും മറ്റു ദൈവദാസന്മാരും വിവിധ സെക്ഷനുകളിലെ ക്ലാസ്സുകൾക്ക് നേതൃത്വം നല്കും. ഏറെ പുതുമകളോടെ നടക്കുന്ന ഈ വർഷത്തെ ക്യാമ്പിന് വൈ. പി. ഇ സംസ്ഥാന സെക്രട്ടറി മാത്യു ബേബിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ബോർഡ് വിപുലമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നതായി പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ഫിന്നി ജോസഫ് അറിയിച്ചു.

# ബോക്സിംഗ് ചാമ്പ്യൻ

ബസിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു യൂറോപ്യൻഅമേരിക്കൻ വിദ്യാർത്ഥിയുടെ സീറ്റിൽ കറുത്ത് തടിച്ച ഒരു മനുഷ്യൻ വന്ന് ഇരുന്നു. ഒരു ആഫ്രിക്കൻ വംശജൻ തന്റെ സീറ്റിൽ തൊട്ടുരുമ്മിയിരിക്കുന്നത് ആ കുട്ടിക്ക് ഇഷ്ടപ്പെട്ടില്ല. അവൻ തന്റെ നീരസം പ്രകടമാക്കിക്കൊണ്ട് അടുത്തിരിക്കുന്ന മനുഷ്യനെ തള്ളിനീക്കാൻ തുടങ്ങി. അയാൾ ഒന്നും പ്രതികരിക്കാതെ ഒതുങ്ങിക്കൂടി ഇരുന്നു. പക്ഷേ, ആ കൗമാരക്കാരൻ വീണ്ടും അസഹ്യത പ്രകടിപ്പിച്ചുകൊണ്ട് അടുത്തിരിക്കുന്ന തടിച്ച മനുഷ്യനെ കുറെക്കൂടി തള്ളിനീക്കാൻ ശ്രമിച്ചു. അപ്പോഴും യാതൊന്നും പ്രതികരിക്കാതെ അദ്ദേഹം കുറെക്കൂടി ഒതുങ്ങി ചേർന്നിരുന്നു.

അല്പം കഴിഞ്ഞപ്പോൾ തടിച്ച മനുഷ്യന് ഇറങ്ങാനുള്ള സ്ഥലമായി. ബസിൽനിന്ന് ഇറങ്ങുന്നതിനുമുൻപ് അദ്ദേഹം പോക്കറ്റിൽനിന്ന് തന്റെ ബിസിനസ് കാർഡ് എടുത്ത് വിദ്യാർത്ഥിക്ക് നല്കി. അതിനുശേഷം ഒന്ന് ചിരിച്ചുകൊണ്ട് ബസിൽനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു.

തന്റെ കൈയിലിരിക്കുന്ന ബിസിനസ് കാർഡിലേക്ക് അലസഭാവത്തിൽ നോക്കിയ കൗമാരക്കാരൻ ഞെട്ടിപ്പോയി. അതിൽ പ്രിന്റ് ചെയ്തിരുന്നത് ഇപ്രകാരമായിരുന്നു:

'ജോ ലൂയിസ്- ലോക ഹെവിവെയ്റ്റ് ബോക്സിംഗ് ചാമ്പ്യൻ.'

1937 മുതൽ 1949 വരെ തുടർച്ചയായി ലോക ബോക്സിംഗ് ചാമ്പ്യൻപട്ടം നേടിയ ജോ ലൂയിസിനു വേണമെങ്കിൽ തന്നെ തള്ളിനീക്കാൻ ശ്രമിക്കുന്ന കൗമാരക്കാരനെ തിരിച്ച് തള്ളാമായിരുന്നു. തന്റെ കരുത്തേറിയ മസിലിന്റെ ശക്തി പലവിധത്തിലും പ്രകടിപ്പിച്ച് ആ ബാലനോട് പ്രതികാരം ചെയ്യാമായിരുന്നു. പക്ഷേ, അദ്ദേഹം ഒന്നും ചെയ്തില്ല. എന്നാൽ കഴിവില്ലാത്തതുകൊണ്ടല്ല തിരിച്ചടിക്കാത്തതെന്ന് മനസിലാക്കാനായി താൻ ലോകത്തിലെ ഏറ്റവും കരുത്തനായ ഗുസ്തിക്കാരനാണെന്ന് മനസിലാകുംവിധം തന്റെ അഡ്രസ് കാർഡ് നല്കുകമാത്രം ചെയ്തു. എന്താണിതിന് കാരണം? ജോ ലൂയിസിന്റെ ശരീരത്തെക്കാൾ കൂടുതൽ കരുത്ത് മനസിനുണ്ടായിരുന്നു. തിരിച്ചടിക്കാൻ ബലവും ന്യായവും ഉണ്ടായിരിക്കുമ്പോഴും തിരിച്ചടിക്കാതിരിക്കണമെങ്കിൽ ആന്തരികബലം ഉണ്ടാകണം.

മനസ്സിന് ശക്തിയില്ലാത്തവർ എപ്പോഴും എല്ലാറ്റിനോടും പ്രതികരിച്ചുകൊണ്ടിരിക്കും. രണ്ട് വാക്ക് തിരിച്ചു പറഞ്ഞില്ലെങ്കിൽ അവർക്ക് സ്വസ്ഥതയില്ല. കാണുന്നതിനോടും കേൾക്കുന്നതിനോടും എപ്പോഴും പ്രതികരിച്ചുകൊണ്ടിരുന്നാൽ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതം ദുരിതപൂർണമാകും. പല കുടുംബങ്ങളും സമൂഹങ്ങളും നരകതുല്യമായിത്തീരുന്നത് ഇത്തരം സ്വഭാവമുള്ള വ്യക്തികൾ ഉള്ളതുകൊണ്ടാണ്. എത്ര നന്നാക്കിയാലും പിന്നെയും ആളുകളിൽ കുറവുണ്ടാകും. എത്ര ശരിയാക്കിയാലും പിന്നെയും സമൂഹത്തിൽ ശരികേടുകളുണ്ടാകും. അതിനാൽ ക്ഷമാപൂർവം പലതിനെയും സ്വീകരിക്കാൻ നാം പഠിക്കേണ്ടതുണ്ട്. എല്ലാം ശരിയാക്കാനും എല്ലാവരെയും മര്യാദ പഠിപ്പിക്കാനും പോകുമ്പോൾ നമ്മുടെ ജീവിതംതന്നെയാണ് നശിച്ചുപോകുന്നത്.


Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode